(രജിസ്റ്റർ ചെയ്ത കൈപ്പറ്റ ചീട്ടു സഹിതം)

നം.കെ.എസ്.എ.കെ.കെ.ഡി പി12/1388/2017

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്,
ജില്ലാ ഓഡിറ്റ് കാര്യാലയം
സിവിൽ സ്റ്റേഷൻ, കോഴിക്കോട്.
ഇ-മെയിൽ dokkd.ksad.kerala.gov.in
Phone:04952371012

തീയതി.5-8-2017

ജോയിന്റ് ഡയറക്ടർ

പ്രസിഡന്റ് സെക്രട്ടറി മുഖേന

ചേളന്നൂർ ഗ്രാമ പഞ്ചായത്ത്

സർ,

വിഷയം : ചേളന്നൂർ ഗ്രാമപഞ്ചായത്ത് - 2016-17 സാമ്പത്തിക വർഷങ്ങളിലെ

ഓഡിറ്റ് റിപ്പോർട്ട് - സംബന്ധിച്ച്

*****************

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, 1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം 215(4)എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം ചേളന്നൂർഗ്രാമപഞ്ചായത്തിന്റെ 2016-17സാമ്പത്തികവർഷത്തെ ധനകാര്യപത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1) ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയയ്ക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 2ലെ ഖണ്ഡികയിലേയ്ക്കും ഭാഗം 3ലെ ഖണ്ഡികയിലേയ്ക്കും പ്രത്യേക ശ്രദ്ധ ക്ഷണിക്കുന്നു.

ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസക്ത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ്.

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പഞ്ചായത്തിന്റെ പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും, ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ പഞ്ചായത്ത് എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15).

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1)ചട്ടം 20,23, 1997 കേരളാ പഞ്ചായത്ത് രാജ് പരിശോധനാ രീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)എന്നിവ കാണുക)

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ് :

1)ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം(ഉപരിപത്രം സഹിതം)

2)പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, കോഴിക്കോട്.

3)കാര്യാലയ പകർപ്പ്

കെ.എസ്.എ.കെ.കെ.ഡി. പി12/1388/2017 തീയതി: 5-8-2017

കോഴിക്കോട് ജില്ലയിലെ ചേളന്നൂർ ഗ്രാമപഞ്ചായത്തിന്റെ

2016-17 സാമ്പത്തിക വർഷത്തെ ധനകാര്യപത്രികയിന്മേലുള്ള

ഓഡിറ്റ് റിപ്പോർട്ട്.

(1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം- വകുപ്പ് 215(4) , 1994 ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം - വകുപ്പ് 13, 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18 എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

കോഴിക്കോട്ജില്ലയിലെ ചേളന്നൂർഗ്രാമപഞ്ചായത്തിന്റെ 2016-17സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. പഞ്ചായത്ത് 16.12.16മുതൽ 30.06.17തിയ്യതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്, അവയുടെ ഒടുക്ക്, വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ പഞ്ചായത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. 25അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 19എണ്ണത്തിന് മറുപടി ലഭിച്ചിട്ടുണ്ട്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണ ക്കുറിപ്പുകളിന്മേലുള്ള തുടർ നടപടികൾ പഞ്ചായത്ത് സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്നു ലഭ്യമായ രജിസ്റ്ററുകളുടേയും രേഖകളുടേയും വിവരങ്ങളുടേയും വിശദീകരണത്തിന്റേയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരത്തിന്റെയോ ലഭ്യമാക്കാത്ത വിവരത്തിന്റെയോ കാര്യത്തിൽ കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

(എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

| | |
|---|---|
| ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ | ശ്രീ.സി.രാജൻ,ഡെപ്യൂട്ടി ഡയറക്ടർ |
| ഓഡിറ്റിന് വിനിയോഗിച്ച സമയം | 4.07.2017മുതൽ 10.07.2017 വരെ |
| ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ | ശ്രീ.സതീഷ് കുമാർ. കെ, ഓഡിറ്റ് ഓഫീസർ<br>ശ്രീമതി.ഇന്ദുലേഖ.എ, ഓഡിറ്റ് ഓഫീസർ<br>ശ്രീമതി.ഷൈന, അസി.ഓഡിറ്റ് ഓഫീസർ<br>ശ്രീ,ഷിനിത്ത്. എ, ഓഡിറ്റർ<br>ശ്രീ.ഡാനിഷ്. എ.ഇസഡ് , ഓഡിറ്റർ |

(ബി)നിർവ്വഹണാധികാരികൾ

| | | |
|---|---|---|
| പ്രസിഡന്റ് | ശ്രീമതി.ടി.വൽസല | 1.04.16 മുതൽ 31.03.17 വരെ |
| സെക്രട്ടറി. | കെ.വി അനീഷ് കുമാർ<br>ശ്രീമതി. റോസമ്മ ജേക്കബ് | 1.04.16മുതൽ 28.07.16 വരെ<br>1.08.16മുതൽ 31.03.17 വരെ |
| സ്റ്റാന്റിംഗ് കമ്മറ്റി അംഗങ്ങൾ | ശ്രീ. പി.എം.വിജയൻ-ധനകാര്യം | 1.04.16മുതൽ 31.03.17 വരെ |
| | ശ്രീ.പാറയ്ക്കൽ ഇസ്മായിൽ-ക്ഷേമകാര്യം | 1.04.16മുതൽ 31.03.17 വരെ |
| | ശ്രീമതി.മിനി ചെട്ട്യാം കണ്ടിയിൽ-വികസനകാര്യം | 1.04.16മുതൽ 31.03.17 വരെ |
| | ശ്രീമതി.ലീല ടീച്ചർ പുലരി-ആരോഗ്യ വിദ്യാഭ്യാസം | 1.04.16മുതൽ 31.03.17 വരെ |

(സി)മറ്റുനിർവ്വഹണോദ്യോഗസ്ഥർ

| | | |
|---|---|---|
| അസിസ്റ്റന്റ് സെക്രട്ടറി | ശ്രീ.സതീശൻ.സി.പി | 1.04.2016 മുതൽ 31.03.17വരെ |

| | | |
|---|---|---|
| അസിസ്റ്റന്റ് എഞ്ചിനീയർ | ശ്രീമതി.ഷീജ.സി | 1.04.2016 മുതൽ 31.03.17വരെ |
| വെറ്റിനറി സർജൻ | ഡോ .മുഹമ്മദ് നവാസ് | 1.04.2016 മുതൽ 31.03.17വരെ |
| കൃഷി ഓഫീസർ | ശ്രീമതി.രജനി മുരളീധരൻ | 1.04.2016 മുതൽ 31.03.17വരെ |
| ഐ.സി.ഡി.എസ് സൂപ്പർവൈസർ | ശ്രീമതി.ഷൈജ.കെ.പി | 1.04.2016 മുതൽ 31.03.17വരെ |
| ഹെഡ്മാസ്റ്റർ | ശ്രീദിനേശ് ബാബു | 1.04.2016 മുതൽ 31.03.17വരെ |
| മെഡിക്കൽ ഓഫീസർ പി.എച്ച് .സി | ഡോ.സരിത പുരുഷോത്തമൻ | 1.04.2016 മുതൽ 31.03.17വരെ |
| മെഡിക്കൽ ഓഫീസർ ആയുർവേദം | ഡോ.ജയപ്രഭ.വി | 1.04.2016 മുതൽ 31.03.17വരെ |
| മെഡിക്കൽ ഓഫീസർ ഹോമിയോ | ഡോ.ഹീര | 1.04.2016 മുതൽ 31.03.17 വരെ |
| വി.ഇ.ഓ | ശ്രീ.ഷിനോദ്കുമാർ.പി.കെ<br>ശ്രീമതി.ഷർമ്മിള.കെ.വി | 1.04.2016 മുതൽ25.10.16 വരെ<br>3.11.16മുതൽ<br>31.03.17 വരെ |
| ഡയറി ഫാം ഇൻസ്ട്രക്ടർ | ശ്രീമതി.ബിന്ദു | 1.04.2016 മുതൽ 31.03.17വരെ |

ഉള്ളടക്കം


| ക്രമ നം. | ഭാഗം 1 | ഖണ്ഡിക നമ്പർ |
|---|---|---|
| | പൊതുഅവലോകനം | |
| 1 | ബജറ്റ് | 1-1 |
| 2 | വാർഷിക ധനകാര്യപത്രിക. | 1-2 |
| 3 | വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സർട്ടിഫിക്കറ്റ് നല്കിയതിന്റെ വിവരം. | 1-3 |
| 4 | സാമ്പത്തിക വിശകലനം | 1-4 |
| 5 | ഫണ്ട് വിനിയോഗം | 1-5 |
| 6 | പദ്ധതി അവലോകനം. | 1-6 |
| 7 | തനത് വരുമാനം. | 1-7 |
| 8 | ക്ഷേമപദ്ധതികൾ | 1-8 |
| 9 | ക്യാഷ് വെരിഫിക്കേഷൻ | 1-9 |
| 10 | ആഭ്യന്തരനിയന്ത്രണം. | 1-10 |
| 11 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം | 1-11 |
| | ഭാഗം 2 | |
| 12 | വാർഷിക കണക്കിലെ അപാകതകൾ | 2-1 |
| 13 | വസ്തു നികുതി പിരിവിലെ അപാകതകൾ | 2-2 |
| 14 | തൊഴിൽ നികുതി-അപാകതകൾ | 2-3 |
| 15 | വിവിധ പ്രോജക്ടുകൾക്കായി ലഭിച്ച തുകകൾ ചെലവഴിയ്ക്കാനവശേഷിയ്ക്കുന്നു | 2-4 |
| | ഭാഗം 3 | |
| 16 | കോടതി വ്യവഹാരങ്ങളുടെ തുടർ നടത്തിപ്പ് നിരീക്ഷിക്കാൻ സംവിധാനമില്ല | 3-1 |
| 17 | ടി.എച്ച്. ആർ.എസ്. ഭക്ഷ്യമിശ്രിതം ലാബ് റിപ്പോർട്ട് ലഭ്യമല്ല | 3-2 |
| 18 | അങ്കണവാടികളിലെ പോഷകാഹാര വിതരണം പദ്ധതി മാർഗ്ഗരേഖയിലെ വ്യവസ്ഥകൾ പാലിച്ചതായി കാണുന്നില്ല. | 3-3 |
| 19 | മുൻകൂർ തുകകൾ ക്രമീകരിച്ചില്ല. | 3-4 |

| | | |
|---|---|---|
| 20 | ആശ്രയ രണ്ടാം ഘട്ട പദ്ധതി ഗുണഭോക്താക്കൾക്ക് ഭവന പദ്ധതികൾ നടപ്പിലാക്കിയില്ല | 3-5 |
| 21 | ആയുർവ്വേദ ആശുപത്രിയിലേയ്ക്ക് മരുന്നു വാങ്ങൽ പദ്ധതി - മുഴുവൻ മരുന്നുകൾ ലഭ്യമായില്ല. | 3-6 |
| 22 | കാലഹരണപ്പെട്ട ഡെപ്പോസിറ്റ് തുകകൾ പഞ്ചായത്ത് ഫണ്ടിൽ മുതൽകൂട്ടിയില്ല | 3-7 |
| 23 | പാലിന് സബ്സിഡി നൽകൽ പദ്ധതി - സബ്സിഡി തുക ക്ഷീര കർഷകരുടെ ബാങ്ക് അക്കൗണ്ടിൽ ക്രെഡിറ്റ് ചെയ്യുന്നത് സംബന്ധിച്ച്. | 3-8 |
| 24 | സാനിറ്ററി യൂണിറ്റ് (കക്കൂസ് നിർമ്മാണം, ഒ.ഡി.എഫ്)- ശുചിത്വമിഷൻ ഫണ്ട് വിനിയോഗം സംമ്പന്ധിച്ച്. | 3-9 |
| 25 | ഭവന നിർമ്മാണ പദ്ധതികൾ ലക്ഷ്യം കൈവരിച്ചില്ല. | 3-10 |
| 26 | ഹോമിയോ ആശുപത്രിയിലേയ്ക്ക് മരുന്നു വാങ്ങൽ പദ്ധതി - മുഴുവൻ മരുന്നുകൾ ലഭ്യമായില്ല. | 3-11 |
| 27 | പാലിയേറ്റീവ് പരിചരണ പദ്ധതി - നടത്തിപ്പിന് മരുന്നുകൾ ലഭ്യമായില്ല. | 3-12 |
| 28 | ജീവിത ശൈലീ രോഗ നിയന്ത്രണ പദ്ധതി നടത്തിപ്പിലെ അപാകതകൾ. | 3-13 |
| 29 | സ്ഥലം വാങ്ങലിനായി ധനസഹായം ലഭിച്ച ഗുണഭോക്താക്കളുടെ സമ്പൂർണ്ണ പുനരധിവാസം ഉറപ്പ് വരുത്തിയിട്ടില്ല | 3-14 |
| 30 | ശുചിത്വഗ്രാമം സുന്ദരഗ്രാമം -പ്രവൃത്തിയുമായി ബന്ധപ്പെട്ട ആദായനികുതി മുഴവനായും സർക്കാരിലേയ്ക്ക് അടവാക്കിയിട്ടില്ല | 3-15 |
| 31 | കറന്റ് ചാർജ്ജിനത്തിൽ വൻ സാമ്പത്തിക ബാദ്ധ്യത ഉണ്ടാകുന്നത് സംബന്ധിച്ച് | 3-16 |
| | ഭാഗം -4<br>പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും | |
| 32 | സംയുക്ത പ്രൊജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം | 4-1 |
| 33 | ഡെപ്പോസിറ്റ് വർക്കിനു നൽകിയ തുകയുടെ വിവരങ്ങൾ | 4-2 |
| 34 | മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത് | 4-3 |
| 35 | ഡെപ്പോസിറ്റ് വവായ്പ/ വായ്പ തിരിച്ചടവ് | 4-4 |
| 36 | സ്ഥിരനിക്ഷേപങ്ങൾ | 4-5 |
| 37 | ഓഡിറ്റ് റിക്കവറി | 4-6 |
| 38 | സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം. | 4-7 |

| | | |
|---|---|---|
| 39 | ഓഡിറ്റ് പ്രത്യവലോകനം | 4-8 |
| 40 | തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ | 4-9 |

# ഭാഗം 1

## പൊതു അവലോകനം

## 1-1 ബജറ്റ്

2016-17വർഷത്തെ ബജറ്റ്/ 24.03.16 തിയതിയിലെ ഒന്നാം നമ്പർ തീരുമാനപ്രകാരം അംഗീകരിച്ചു.

| ഇനം | പ്രതീക്ഷിച്ചത് | യഥാർത്ഥത്തിലുള്ളത് | വ്യത്യാസം | | ശതമാനം |
|---|---|---|---|---|---|
| | | | കുറവ് | കൂടുതൽ | (+)/(-) |
| മുന്നിരിപ്പ് | 5701641 | 7301467 | | 1599826 | +28 |
| വരവ് | 147744758 | 50424873 | 97319885 | | (-)65.87 |
| ആകെ | 153446399 | 57726340 | 95720059 | | (-)62.38 |
| ചെലവ് | 1515634008 | 44505733 | 107057667 | | (-)70.64 |
| നീക്കിയിരിപ്പ് | 1882999 | 13220607 | | 11337608 | +602.10 |

## 1-2 വാർഷിക ധനകാര്യപത്രിക.

| ലഭിക്കേണ്ട തീയതി | ലഭിച്ച തീയതി | അപാകത പരിഹരിക്കാൻ തിരിച്ചയച്ച തീയതി | അപാകത പരിഹരിച്ച് ലഭിച്ച തീയതി |
|---|---|---|---|
| 31-07-2017 | 7-7-2017 | - | - |

## 1-3 വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സർട്ടിഫിക്കറ്റ് നല്കിയതിന്റെ വിവരം.

| വർഷം | സർട്ടിഫിക്കേഷന് കണക്കുകൾ പരിശോധിച്ച തീയതി | സർട്ടിഫിക്കറ്റ് നമ്പർ/തീയതി |
|---|---|---|
| 2016-17 | 5-7-2017 | കെ.എസ്.എ.കെ.കെ.ഡി പി12/1388/2017 തീയതി 5-8-2017 |

## 1-4 സാമ്പത്തിക വിശകലനം

മുന്നിരിപ്പ് - 7301467

വരവ് -50424873

ആകെ -57726340

ചെലവ് -44505733

നീക്കിയിരിപ്പ്-13220607

## 1-5 ഫണ്ട് വിനിയോഗം

| ഫണ്ടിനം | മുൻബാക്കി | തൻവർഷ വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ് | ചെലവ് ശതമാനം |
|---|---|---|---|---|---|---|
| വികസനഫണ്ട് പൊതുവിഭാഗം | -- | 14864004 | --- | 13382859 | 2398610 | |

| | | | | | | |
|---|---|---|---|---|---|---|
| വികസനഫണ്ട് എസ്.സി.പി. | --- | 8398935 | -- | 3325750 | 5165000 | |
| വികസനഫണ്ട് ടി.എസ്.പി. | -- | -- | --- | --- | --- | |
| സംരക്ഷണഗ്രാന്റ് റോഡ് | --- | 7057706 | -- | 665000 | 6492506 | |
| സംരക്ഷണഗ്രാന്റ് നോൺറോഡ് | --- | 4323261 | -- | 1203042 | 3194223 | |
| 13-ാം ധനകാര്യ കമ്മീഷൻ ഗ്രാന്റ് | ---- | 8335906 | -- | 1624762 | 7036056 | |
| പെർഫോമൻസ് ഗ്രാന്റ് | ---- | 4420640 | --- | 624258 | 3787142 | |
| എം.എൻ.ആർ.ഇ.ജി.എസ്. | 36720 | 22874387 | --- | 22564278 | 346779 | |

## 1-6 പദ്ധതി അവലോകനം.

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്റ്റുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| അംഗീകാരം ലഭിച്ചത്(എണ്ണം) | പദ്ധതി അടങ്കൽ | നടപ്പാക്കിയത്(എണ്ണം) | പദ്ധതി ചെലവ് | ഭാഗികമായി നടപ്പാക്കിയത്(എണ്ണം) | നടപ്പാക്കാത്തവ (എണ്ണം) | പൂർത്തീകരിച്ച പ്രോജക്റ്റുകളുടെ ശതമാനം |
|---|---|---|---|---|---|---|
| 247 | 7,16,97,060 | 110 | 2,65,22,324 | 88 | 49 | 45 |

സുലേഖ സോഫ്റ്റ്‌വെയറിലൂടെ ജനറേറ്റ് ചെയ്ത ഫണ്ടടിസ്ഥാനത്തിലുള്ള പദ്ധതിച്ചെലവ് കണക്കുകൾ പ്രകാരം തൻവർഷത്തേയ്ക്ക് ആകെ പദ്ധതി അടങ്കലായി നിശ്ചയിച്ചിരുന്ന 7.16കോടി രൂപയിൽ 2.65 കോടി രൂപ വിനിയോഗിച്ചിട്ടുണ്ട്. പ്രധാന ഫണ്ടിനങ്ങളുടെ വരവ്/വിനിയോഗ വിശദാംശങ്ങൾ ഖണ്ഡിക 1-5-ൽ ഉൾപ്പെടുത്തിയിട്ടുള്ളത് കാണുക. ആകെ 247പ്രോജക്റ്റുകൾക്ക് അംഗീകാരം ലഭിച്ചതിൽ 110പ്രോജക്റ്റുകൾക്ക് വേണ്ടി മാത്രമാണ് തൻവർഷം തുക വിനിയോഗിക്കാൻ സാധിച്ചത്. വാർഷിക പദ്ധതിയിൽ ഉൾപ്പെട്ട പ്രോജക്റ്റുകളിൽ 70%വും അസി.എഞ്ചിനീയർക്ക് നിർവ്വഹണച്ചുമതല ഉണ്ടായിരുന്ന മരാമത്ത് പ്രവൃത്തികളായിരുന്നു. തുക വകയിരുത്തിയിരുന്ന 50% ത്തോളം പ്രോജക്റ്റുകളും തൻവർഷം നടപ്പിലാക്കാൻ സാധിച്ചില്ല. തൻവർഷം 110പ്രോജക്റ്റുകൾക്ക് വേണ്ടി തുക ചെലവഴിച്ചിട്ടുണ്ടെങ്കിലും ഇവയിൽ നിർബന്ധിത വകയിരുത്തൽ പ്രകാരമുള്ള ഫണ്ട് കൈമാറൽ ചെലവുകളുംസംയുക്ത പ്രോജക്റ്റുകളുമായി ബന്ധപ്പെട്ട ചെലവുകളും ഉൾപ്പെടുന്നു. വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്തിയിരുന്ന പകുതിയോളം പ്രോജക്റ്റുകൾ മാത്രമെ നിർവ്വഹിച്ചിട്ടുള്ളുവെന്നതിനാലും നിർവ്വഹിച്ച പല പ്രോജക്റ്റുകളുടേയും ഭൗതീക നേട്ടം കൈവരിച്ചിട്ടില്ലയെന്നതിനാലും തൻവർഷത്തെ പദ്ധതി നിർവഹണം കാര്യക്ഷമമായിരുന്നില്ലെന്ന് ഓഡിറ്റ് വിലയിരുത്തുന്നു.

## 1-7 തനത് വരുമാനം.

മുൻവർഷത്തേക്കാൾ സ്ഥാപനത്തിന് ഈ സാമ്പത്തികവർഷത്തിൽ തനതു വരുമാനത്തിൽ താഴെ പറയും പ്രകാരം61.44ശതമാനം വർദ്ധനവ് ഉണ്ടായിട്ടുണ്ട്.

| ഇനം | മുൻവർഷം | തൻവർഷം | വ്യത്യാസം | ശതമാനം (+)/(-) |
|---|---|---|---|---|
| നികുതി വരവുകൾ | 2927237 | 5271687 | 2344450 | + 80 |
| നികുതിയേതര വരവുകൾ | 1002385 | 1071642 | 69257 | +7 |
| മറ്റുവരവുകൾ | 540 | 1518 | 978 | +18 |
| ആകെ | 3930162 | 6344847 | 2414685 | +61.44 |

## 1-8 ക്ഷേമപദ്ധതികൾ

തൻവർഷം ഗ്രാമപഞ്ചായത്ത് നടപ്പാക്കിയ വിവിധ ക്ഷേമ പദ്ധതികളുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ക്ഷേമപദ്ധതിയുടെ പേര് | ചെലവഴിച്ച | ഗുണഭോക്താക്കളുടെ |
|---|---|---|

| | തുക | എണ്ണം |
|---|---|---|
| തൊഴിൽരഹിത വേതനം | 267240 | 165 |
| കർഷകതൊഴിലാളി പെൻഷൻ | 7937390 | 783 |
| വിധവാപെൻഷൻ | 18416005 | 1614 |
| വാർദ്ധക്യകാലപെൻഷൻ | 29905120 | 2545 |
| വികലാംഗപെൻഷൻ | 4017385 | 415 |
| അവിവാഹിതരായ സ്ത്രീകൾക്കുള്ള പെൻഷൻ | 2524810 | 250 |
| വിവാഹധനസഹായം | 450000 | 15 |

## 1-9 ക്യാഷ് വെരിഫിക്കേഷൻ

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 7.07.17ന് ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥന്റെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ 9740/- രൂപ ക്യാഷ് ബാലൻസിന്റെ/നീക്കിയിരിപ്പിന്റെ കൃത്യത ബോധ്യപ്പെട്ടു

## 1-10 ആഭ്യന്തരനിയന്ത്രണം.

ഓഫീസ് ഉത്തരവുകൾ മുഖാന്തിരം വിവിധ സെക്ഷനുകളിലെ ജോലികളും ഉത്തരവാദിത്തങ്ങളും കൃത്യമായി നിർണ്ണയിച്ചിട്ടുണ്ട്. ഫണ്ട് ഓഫീസിൽ സൂക്ഷിക്കേണ്ട രജിസ്റ്ററുകൾ കൃത്യമായി എഴുതി സൂക്ഷിച്ചുവരുന്നു. വസ്തുനികുതി, തൊഴിൽ നികുതി സംബന്ധമായ രജിസ്റ്ററുകളും ശരിയായി തയ്യാറാക്കിയിട്ടുണ്ട്. വസ്തുനികുതി വിവരങ്ങൾ സഞ്ചയ സോഫ്റ്റ്‌വെയറുമായി ബന്ധിപ്പിക്കുന്ന പ്രവൃത്തി (മാപ്പിംഗ്)പൂർത്തിയായിട്ടില്ല. അഡ്വാൻസ് രജിസ്റ്റർ, ഡെപ്പോസിറ്റ് രജിസ്റ്റർ, ബിൽ രജിസ്റ്റർ എന്നിവ സൂക്ഷിച്ചിട്ടുണ്ട്. ആവർത്തനചെലവുകൾ രേഖപ്പെടുത്തുന്നതിന് പ്രത്യേക രജിസ്റ്റർ സൂക്ഷിച്ചിട്ടുണ്ടെങ്കിലും ഏറ്റവും പുതിയ വിവരങ്ങൾ ചേർത്ത് കാലികമാക്കുന്നില്ല.

പഞ്ചായത്തിന്റെ പ്രധാനപ്പെട്ട തനത് വരുമാനമായ വസ്തുനികുതി പിരിവ് തൃപ്തികരമല്ല. വാർഷികകണക്കുകൾ പ്രകാരം 16-17 വർഷം വസ്തു നികുതിയിനത്തിൽ 22.3 ലക്ഷത്തോളം രൂപ കുടിശ്ശികയുണ്ട്. കെട്ടിട നിർമ്മാണ പെർമിറ്റ് രജിസ്റ്ററിൽ നിന്ന് പെർമിറ്റ് എടുക്കുന്ന എല്ലാ കെട്ടിടങ്ങളും നിർമ്മാണം പൂർത്തിയാക്കി നികുതി പരിധിയിൽ ഉൾപ്പെടുന്നു എന്ന് ഉറപ്പാക്കാൻ സാധിക്കുന്നില്ല. വിശദാംശങ്ങൾ ചേർത്ത് പെർമിറ്റ് രജിസ്റ്റർ പൂർത്തീകരിക്കേണ്ടതാണ്.

തനതു ഫണ്ട് ചെലവുകൾ

ധനകാര്യസ്റ്റാന്റിംഗ് കമ്മിറ്റി പ്രതിമാസ ചെലവുകൾ പാസ്സാക്കുന്നുണ്ട്. വൗച്ചറുകൾ പ്രസിഡന്റ് സാക്ഷ്യപ്പെടുത്തി അധികൃതമാക്കിയിട്ടുമുണ്ട്.

തനതു ഫണ്ട് ചെലവുകളുമായി ബന്ധപ്പെട്ട രജിസ്റ്ററുകളുടെ സൂക്ഷിപ്പ് പൊതുവെ തൃപ്തികരമാണ്. എങ്കിലും പഞ്ചായത്തിലെ തെരുവുവിളക്കുകളുടെ വാർഡ് തിരിച്ചുള്ള പട്ടിക, കൺസ്യൂമർ നമ്പർ, സപ്ലൈ ഏരിയ, വാർഡുകളിലെ ബൾബുകൾ/റ്റ്യൂബ് ലൈറ്റുകൾ/ ഫ്ളൂറസെന്റ് ലാമ്പുകൾ/ സോഡിയം വേപ്പർ ലാമ്പുകൾ എന്നിവയുടെ എണ്ണം, താരീഫ് നിരക്ക്, കറന്റ് ചാർജ്ജ് എന്നിവയുടെ വിശദാംശങ്ങൾ സൂചിപ്പിക്കുന്ന രജിസ്റ്ററുകൾ സൂക്ഷിച്ചിട്ടില്ല.

മറ്റ് നിർവ്വഹണോദ്യോഗസ്ഥരായ അസി.എഞ്ചിനീയർ, കൃഷി ഓഫീസർ, വെറ്ററിനറി സർജൻ, വി.ഇ.ഒ, ഹെഡ്മാസ്റ്റർ, മെഡിക്കൽ ഓഫീസർമാർ എന്നിവർ നിർവ്വഹിച്ച പ്രോജക്ടുകൾ സംബന്ധിച്ച രേഖകൾ രജിസ്റ്ററുകൾ എന്നിവ സാമാന്യം തൃപ്തികരമായി സൂക്ഷിച്ചു വരുന്നുണ്ടെങ്കിലും വാങ്ങലുകൾ സംബന്ധിച്ച സ്റ്റോക്ക് രജിസ്റ്ററുകളുടെ സൂക്ഷിപ്പ് തൃപ്തികരമല്ല. മാത്രമല്ല പ്രോജക്ട് പൂർത്തീകരണ പത്രവും മോണിട്ടറിങ്ങ് കമ്മറ്റി റിപ്പോർട്ടും അതാത് പ്രോജക്ട് ഫയലുകളിൽ സൂക്ഷിച്ചിട്ടുമില്ല.

## 1-11 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തീയതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തീയതി |
|---|---|---|---|
| പെർഫോമൻസ് ഓഡിറ്റ് | 12.06.17 | 2017 മേയ് | ലഭ്യമല്ല. |
| അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ് | 7.08.14 | 2009-10 2013-14 | VI 8A<br>2197/73 7.10.14 |

# ഭാഗം-2

## വരവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

## 2-1 വാർഷിക കണക്കിലെ അപാകതകൾ

2016- 17 വർഷത്തെ വാർഷിക ധനകാര്യ പത്രിക പരിശോധനയിൽ കണ്ടെത്തിയ അപാകതകൾ താഴെ കൊടുക്കുന്നു.

1) ട്രഷറി TSB അക്കൗണ്ടിലെ നീക്കിയിരിപ്പ് 5542227 രൂപയാണ്. ട്രഷറി സ്റ്റേറ്റ് മെന്റ് പ്രകാരമുള്ള നീക്കിയിരിപ്പ് 6468074 എന്നത് തിരുത്തി 6443654 എന്നാക്കി മാറ്റിയിട്ടുണ്ട്. 24420 രൂപയുടെ വ്യത്യാസം (6468074- 6443654 ) ബന്ധപ്പെട്ട രേഖകൾ സഹിതം വിശദീകരിയ്ക്കേണ്ടതും. ട്രഷറിയിൽ നിന്ന് പുതിയ സ്റ്റേറ്റ് മെന്റ് ഹാജരാക്കേണ്ടതുമാണ്.

2) വസ്തുനികുതി സംബന്ധിച്ച കണക്കുകൾ കൃത്യമായി സൂക്ഷിച്ചിട്ടില്ല. കുടിശ്ശിക സംബന്ധിച്ച കൃത്യമായ കണക്കുകൾ സൂക്ഷിച്ചിട്ടില്ല. സഞ്ചയ സോഫ്റ്റ് വെയറിലെ കണക്കും,വാർഷിക ധനകാര്യപത്രിക യിലെ കണക്കും തമ്മിൽ പൊരുത്തപ്പെടുന്നില്ല.

3) പഞ്ചായത്തിലെ മുഴുവൻ ആസ്തികളും വാർഷിക ധനകാര്യ പത്രികയിൽ ചേർത്തിട്ടില്ല. സാംഖ്യാധിഷ്ഠിത സമ്പ്രദായത്തിലേയ്ക്ക് മാറുന്ന തീയതി വരെ സൃഷ്ടിച്ച ആസ്തികളുടെ മൂല്യം ബാലൻസിലുൾപ്പെടുത്തിയിട്ടില്ല.

4) അസിസ്റ്റന്റ് എൻജിനിയർ നിർവ്വഹണ ഉദ്യോഗസ്ഥനായി നടപ്പാക്കിയ പ്രവൃത്തികളിൽ അടവാക്കിയ വാറ്റ്, നിർമ്മാണ തൊഴിലാളി ക്ഷേമനിധി, ആദായനികുതി എന്നിവ വാർഷിക ധനകാര്യപത്രികയിൽ ചേർത്തിട്ടില്ല. അതിനാൽ ഈ പത്രിക ശരിയായ രീതിയിൽ പഞ്ചായത്തിന്റെ കണക്കുകൾ പ്രതിഫലിക്കുന്നില്ല.

## 2-2 വസ്തു നികുതി പിരിവിലെ അപാകതകൾ

വസ്തു നികുതി പിരിവിലെ അപാകതകൾ

വസ്തു നികുതി പിരിവ്,ഡിമാന്റ് നോട്ടീസ് നൽകൽ, നമ്പർ അനുവദിയ്ക്കൽ എന്നിവ സംബന്ധിച്ച അപാകതകൾ താഴെ പറയുന്നു.

1) ഡിമാന്റ് നോട്ടീസ് നൽകുന്നില്ല.

2011ലെ കേരള പഞ്ചായത്ത് രാജ് (വസ്തു നികുതിയും സേവന ഉപനികുതിയും,സർചാർജ്ജും) ചട്ടങ്ങൾ 14പ്രകാരം വസ്തു നികുതി നിർണ്ണയം സംബന്ധിച്ച വിവരങ്ങൾ 12ാംചട്ടം പ്രകാരം വസ്തു നികുതി നിർണ്ണയ രജിസ്റ്ററിലും 13ാംചട്ടം പ്രകാരം വസ്തു നികുതി ഡിമാന്റ് രജിസ്റ്ററിലും രേഖപ്പെടുത്തിയ ശേഷം അപ്രകാരമുള്ള നികുതി ചുമത്തുന്നതിനു സെക്രട്ടറി ഓരോ കെട്ടിട ഉടമയ്ക്കും ഫോറം 9 ൽ ഒരു ഡിമാന്റ് നോട്ടീസ് നൽകേണ്ടതും, കെട്ടിട ഉടമയോ അയാളുടെ ഏജന്റോ കൈപ്പറ്റിയതിനു നോട്ടീസിന്റെ പകർപ്പിൽ കൈപ്പറ്റ് രസീത് വാങ്ങേണ്ടതുമാണ്.

2) നിയമാനുസൃതമല്ലാതെ നിർമ്മിച്ച കെട്ടിടത്തിനു സാധാരണ കെട്ടിടനമ്പർ നൽകുന്നു.

മേൽ ചട്ടം 20 (1) പ്രകാരം നിയമാനുസൃതമല്ലാതെ നിർമ്മിച്ച കെട്ടിടങ്ങൾക്ക് പ്രത്യേക നമ്പർ നല്കി അവ സംബന്ധിച്ച വിവരങ്ങൾ ഫോറം 10 പ്രകാരമുള്ള രജിസ്റ്ററിൽ രേഖപ്പെടുത്തി സെക്രട്ടറി സൂക്ഷിക്കേണ്ടതാണ്.

ചട്ടം 20 (2) പ്രകാരം നിയമാനുസൃതമല്ലാതെ നിർമ്മിച്ച കെട്ടിടത്തിനു സാധാരണ കെട്ടിട നമ്പർ നല്കുന്ന രീതിയിലല്ല നമ്പർ നല്കേണ്ടത്. നിയമാനുസൃതമല്ലാത്ത

നിർമ്മാണമാണെന്ന് സൂചിപ്പിക്കുന്ന ' U A ' എന്നും അനധികൃത നിർമ്മാണത്തിന്റെ വർഷം ഏതെന്ന് കണ്ടെത്തി അതും ചേർത്ത് കെട്ടിട നമ്പർ രൂപപ്പെടുത്തി നല്കേണ്ടതാണ്.

ഇപ്രകാരം കെട്ടിട നമ്പർ നല്കുന്നത് 235 എ എ വകുപ്പ് പ്രകാരം വസ്തു നികുതി നിർണ്ണയിക്കുന്നതിനു വേണ്ടി മാത്രം ഉദ്ദേശിക്കപ്പെട്ടിട്ടുള്ളതും മറ്റ് യാതൊരു ആവശ്യങ്ങൾക്കും ഗ്രാമപഞ്ചായത്തോ കെട്ടിട ഉടമയോ പ്രസ്തുത കെട്ടിട നമ്പർ ഉപയോഗപ്പെടുത്താൻ പാടില്ലാത്തതാണ്.

എന്നാൽ 2016-17 വർഷത്തിൽ 15ാം വാർഡിൽ ആമിന ഉമ്മ w/o ഉമ്മർ കോയ എന്നയാൾക്ക് ഏഴ് കെട്ടിടങ്ങൾക്ക് 490 A മുതൽ 490 G വരെയും 6 ാം വാർഡിൽ ശ്രീ. പ്രശാന്ത് ഒ എന്നയാൾക്ക് 520 A എന്ന നമ്പറും നല്കിയിരിക്കുന്നത് ചട്ടപ്രകാരമല്ല.

3) വസ്തു നികുതി- കുടിശ്ശിക ഈടാക്കുന്നില്ല.

2016-17 വാർഷിക കണക്കുകൾ പ്രകാരം 2290803/- രൂപ വസ്തു നികുതി കുടിശ്ശികയിനത്തിൽ ഈടാക്കാനുണ്ട്. ചട്ടം 19 പ്രകാരം വസ്തു നികുതി വസൂൽ ചെയ്യുന്നതിന് സെക്രട്ടറി 210 ാം വകുപ്പിലും 1996 ലെ കേരള പഞ്ചായത്ത് രാജ് (നികുതി നിർണ്ണയം ഈടാക്കലും അപ്പീലും ) ചട്ടങ്ങളിലും വ്യവസ്ഥ ചെയ്തിട്ടുള്ളത് പ്രകാരം ജപ്തി, പ്രൊസിക്യൂഷൻ, വ്യവഹാരം എന്നി നിയമാനുസൃത നടപടികൾ സ്വീകരിക്കുന്നില്ല

## 2-2 മൊബൈൽ ടവർ - വസ്തു നികുതി കുടിശ്ശിക ഈടാക്കുന്നില്ല

1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം 203 ാം വകുപ്പ് 15 ാം ഉപ വകുപ്പ് പ്രകാരം " ഒരു കെട്ടിടത്തിനു നിർണ്ണയിക്കപ്പെട്ട വാർഷിക വസ്തു നികുതി രണ്ട് അർദ്ധ വാർഷിക ഗഡുക്കളായി ഒടുക്കേണ്ടതാണ്. ഏതൊരു അർദ്ധ വർഷത്തേക്കുമുള്ള ഗഡു അർദ്ധ വർഷത്തിന്റെ അവസാന ദിവസമോ അതിനു മുമ്പോ നല്കേണ്ടതും ആ തിയ്യതിയ്ക്കകം നികുതി നൽകാതിരുന്നാൽ 209 ഇ വകുപ്പ് പ്രകാരം അതു നൽകേണ്ട തീയതി മുതൽ ഒരു ശതമാനം നിരക്കിലുള്ള പിഴ ഈടാക്കേണ്ടതുമാണ്." എന്നാൽ ശ്രീ. ബിജു ടി നായർ ഇൻഡസ് ടവേഴ്സ്,പാലാരിവട്ടം കൊച്ചി എന്നയാളുടെ പേരിലുള്ള 9/88A നമ്പർ മൊബൈൽ ടവറിന്റെ 2013-14 മുതലുള്ള വസ്തു നികുതി നാളിതുവരെ ഈടാക്കിയിട്ടില്ല. 11655/-രൂപ വാർഷിക വസ്തു നികുതിയുള്ള ടവറിന്റെ 2017 മാർച്ച് വരെയുള്ള കുടിശ്ശികയിനത്തിൽ 46,620/- രൂപ ഒരു ശതമാനം പിഴ സഹിതം ഈടാക്കുന്നതിന് 1996 ലെ കേരള പഞ്ചായത്ത് രാജ് (നികുതി നിർണ്ണയം ഈടാക്കലും അപ്പീലും ) ചട്ടങ്ങളിലും

വ്യവസ്ഥ ചെയ്തിട്ടുള്ളത് പ്രകാരം ജപ്തി, പ്രൊസിക്യൂഷൻ, വ്യവഹാരം എന്നി നിയമാനുസൃത നടപടികൾ അടിയന്തിരമായി സ്വീകരിക്കേണ്ടതാണ്.

അതോടൊപ്പം, ശ്രീ. ബിജു ടി നായർ ഇൻഡസ് ടവേഴ്സ്,പാലാരിവട്ടം കൊച്ചി എന്നയാളുടെ പേരിലുള്ള താഴെപ്പറയുന്ന ടവറുകളുടെ 2016-17 വർഷത്തെ വസ്തു നികുതിയും ഈടാക്കേണ്ടതാണ്.

| നമ്പർ | കെട്ടിട നമ്പർ | വാർഷിക വസ്തു നികുതി | കുടിശ്ശിക |
|---|---|---|---|
| 1 | 15/503 | 18256 | 2016-17 |
| 2 | 17/413 | 12960 | 2016-17 |
| 3 | 17/458 | 13287 | 2016-17 |

## 2-3 തൊഴിൽ നികുതി-അപാകതകൾ

- മുത്തൂറ്റ് മെർക്കൻെറയിൽ ലിമിറ്റഡ്, 8/2 ചേളന്നൂർ എന്ന സ്ഥാപനത്തിൽ നിന്നും തൊഴിൽ നികുതി ഈടാക്കിയിട്ടില്ല
- ഡിമാൻറ് രജിസ്റ്റർ പേജ് 66 മുതൽ 93 വരെ നികുതിദായകരുടെ പേരും തുകയും രസീത് നമ്പറും തീയ്യതിയും രേഖപ്പെടുത്തിയെങ്കിലും സ്ഥാപനത്തിൻെറ പേര്,വിലാസം,അർദ്ധവാർഷികവരുമാനം എന്നിവ രേഖപ്പെടുത്തിയിട്ടില്ല.
- ചേളന്നൂർ ഗ്രാമപഞ്ചായത്തിലെ ജീവനക്കാരുടെ തൊഴിൽ നികുതി രസീറ്റ് നമ്പർ ഡിമാൻെറ് രജിസ്റ്ററിൽ രേഖപ്പെടുത്തിയിട്ടില്ല.
- ഡി ആൻഡ് ഒ അപേക്ഷ (ബി7/2021/16 dt 29.02.16)യിൽ ജീവനക്കാരുടെ എണ്ണം എന്ന് രേഖപ്പെടുത്തിയിട്ടുണ്ട്. മേൽ ജീവനക്കാരിൽനിന്നും തൊഴിൽ നികുതി ഈടാക്കിയതായുള്ള രേഖകൾ ലഭ്യമാക്കിയിട്ടില്ല.

## 2-4 വിവിധ പ്രോജക്ടുകൾക്കായി ലഭിച്ച തുകകൾ ചെലവഴിയ്ക്കാനവശേഷിയ്ക്കുന്നു

2016-17 വർഷത്തെ കണക്കുകൾ പ്രകാരം വിവിധ പ്രോജക്ടുകൾക്കായി ലഭിച്ച താഴെ പറയും പ്രകാരമുള്ള തുകകൾ നിലവിലും ചെലവഴിയ്ക്കാനവശേഷിയ്ക്കുന്നതായി കാണുന്നു. സംയുക്ത പ്രോജക്ടുകൾക്കായി ലഭിച്ച വിഹിതവും ചെലവഴിയ്ക്കാതെ തനതുഫണ്ടിൽ സൂക്ഷിയ്ക്കുന്നത് ശരിയായ നടപടിയല്ല. പ്രസ്തുത ബാലൻസ് തുകകൾ ചെലവഴിയ്ക്കാനാവശ്യമായ നടപടികൾ സ്വീകരിയ്ക്കുകയോ തുക തിരിച്ചടയ്ക്കുകയോ ചെയ്യേണ്ടതാണ്. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ഇനം | നിലവിലെ ബാലൻസ് |
|---|---|
| എൻ. ആർ .ഇ.ജി.എസ് | 346779 |
| സമ്പൂർണ്ണ ശുചിത്വയജ്ഞം | 63700 |
| എസ്.എസ്.എ | 13772 |
| ഐ.സി.ഡി.എസ് | 853671 |
| ഖരമാലിന്യ സംസ്കരണപ്ലാന്റ് | 750000 |
| എം.പി.ഫണ്ട് | 16876 |
| ശുചിത്വമിഷൻ ഗ്രാന്റ് | 3402150 |
| സ്മാർട്ട് കാർഡിനായി ലഭ്യമാക്കിയ പ്രത്യേക ഉദ്ദേശഗ്രന്റ് | 12746 |
| ഗുണഭോക്തൃവിഹിതം | 55268 |
| ആശ്രയ ഭവനനിർമ്മാണം | 300000 |

# ഭാഗം-3

## ചെലവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

## 3-1 കോടതി വ്യവഹാരങ്ങളുടെ തുടർ നടത്തിപ്പ് നിരീക്ഷിക്കാൻ സംവിധാനമില്ല

സ്യൂട്ട് രജിസ്റ്റർ പ്രകാരം എൺപതോളം കേസുകൾ ഗ്രാമപഞ്ചായത്ത് എതിർകക്ഷിയായി നിലവിലുണ്ട്. ഇവയിൽ ഹൈക്കോടതി,കീഴ്ക്കോടതികൾ, ഓംബുഡ്സ്മാൻ എന്നിവയിൽ ഫയൽ ചെയ്തവ വരെ ഉൾപ്പെടുന്നു. കേസിന്റെ തുടർ നടത്തിപ്പ്, തീർപ്പ് തുടങ്ങിയ വിവരങ്ങൾ രജിസ്റ്ററിൽ എഴുതി സൂക്ഷിച്ചിട്ടില്ല. തൻമൂലം പഞ്ചായത്തിന്റെ താത്പര്യം സംരക്ഷിക്കാൻ ഉതകുംവിധം സമയബന്ധിതമായി നടപടികൾ തുടരുന്നതിന് പഞ്ചായത്തിനു കഴിയുന്നില്ല. കൂടാതെ പഞ്ചായത്ത് വാദിയായാണോ പ്രതിയായാണോ കേസുകളിൽ കക്ഷി ചേർന്നിരിക്കുന്നത് എന്ന കാര്യം വ്യക്തമല്ല. പഞ്ചായത്തിനനുകൂലമായി വിധികൾ സമ്പാദിക്കാനും അവ യഥാസമയം നടത്തിയെടുക്കാനും വിധി അനുകൂലമല്ലാത്ത സാഹചര്യങ്ങളിൽ സമയപരിധിക്കുള്ളിൽ അപ്പീൽ സമർപ്പിക്കുവാനും പ്രസ്തുത രജിസ്റ്ററിലെ സമഗ്രമായ രേഖപ്പെടുത്തലുകൾ

അനിവാര്യമാണ്. കുറ്റമറ്റ രീതിയിൽ രജിസ്റ്റർ തയ്യാറാക്കി സൂക്ഷിക്കാൻ നടപടികൾ സ്വീകരിക്കേണ്ടതാണ്. കൂടാതെ രജിസ്റ്ററിൽ എഴുതി സൂക്ഷിക്കുന്നതിലെ അപാകത നിമിത്തം വക്കീൽ ഫീസ് ഇനത്തിൽ ചെലവഴിക്കുന്ന തുകയുടെ കൃത്യതയും വ്യക്തമല്ല

## 3-2 ടി.എച്ച്.ആർ.എസ്.ഭക്ഷ്യമിശ്രിതം ലാബ് റിപ്പോർട്ട് ലഭ്യമല്ല

നിർവ്വഹണ ഉദ്യോഗസ്ഥ : ഐ.സി.ഡി.എസ് .സൂപ്പർ വൈസർ

പ്രൊജക്ട് നമ്പർ : 9/17

സാമൂഹ്യക്ഷേമ ഡയറക്ടറുടെ 18-12-2010 ലെ ഐ.സി.ഡി.എസ് .ബി 3-312/2010 നമ്പർ കത്ത് പ്രകാരം ഓരോ രണ്ട് മാസത്തിലൊരിക്കൽ വീതം ന്യൂട്രിമിക്സ് സാമ്പിളുകൾ ഫുഡ് ടെസ്റ്റ് ലാബിൽ പരിശോധനക്ക് വിധേയമാക്കാനും ഓരോ കുടുംബശ്രീ യൂനിറ്റിൽ നിന്നും ഓരോ ബാച്ച് പ്രോഡക്ഷൻ സാമ്പിൾ ശേഖരിച്ച് പരിശോധനക്ക് വിധേയമാക്കാനും വ്യവസ്ഥയുണ്ട് .ഇപ്രകാരം ഭക്ഷ്യ ധാന്യത്തിന്റെ ഗുണ നിലവാരം ഉറപ്പ് വരുത്തേണ്ടതാണ്. ഈ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിലാണ് ഭക്ഷ്യധാന്യം വാങ്ങേണ്ടതും ,അതിന്റെ വില നൽകേണ്ടതും. എന്നാൽ തൻവർഷം വാങ്ങിയ ന്യൂട്രിമിക്സിന്റെ ലാബ് റിപ്പോർട്ട് പരിശോധനക്ക് ലഭ്യമാക്കിയിട്ടില്ല. അപാകതക്ക് വിശദീകരണം നൽകേണ്ടതാണ്.

## 3-3 അങ്കണവാടികളിലെ പോഷകാഹാരവിതരണം പദ്ധതി മാർഗ്ഗരേഖയിലെ വ്യവസ്ഥകൾ പാലിച്ചതായി കാണുന്നില്ല.

നിർവ്വഹണ ഉദ്യോഗസ്ഥ : ഐ.സി.ഡി.എസ്. സൂപ്പർവൈസർ

പന്ത്രണ്ടാം പദ്ധതി മരാഗ്ഗരേഖ ജി.ഒ (എം.എസ്) 4/2016 ത.സ്വ.ഭ.വ 11.1.2016 ഖണ്ഡിക നം. 11-9 പ്രകാരം അങ്കണവാടികളിൽ നിന്ന് യഥാർത്ഥത്തിൽ പോഷകാഹാരം / ഭക്ഷണം സ്വീകരിക്കുന്നവരുടെ എണ്ണവും നൽകുന്നവയുടെ ഗുണ നിലവാരവും കൂടെക്കൂടെ പരിശോധനക്ക് വിധേയമാക്കണം. ഇതിനായി അങ്കണവാടി വെൽഫെയർ കമ്മിറ്റിക്കു പുറമെ ഗ്രാമസഭ / വാർഡ് സഭ അംഗങ്ങളിൽ നിന്ന് പൊതു സമ്മതരായ അഞ്ചു പേരടങ്ങുന്ന ഒരു നിരീക്ഷണ കമ്മിറ്റി രൂപീകരിക്കണം . ഈ കമ്മിറ്റി മാസത്തിൽ കുറഞ്ഞത് ഒരുതവണ എങ്കിലും വാർഡിലുള്ള അങ്കണവാടികൾ സന്ദർശിക്കേണ്ടതും പോഷകാഹാരം/ഭക്ഷണം സ്വീകരിക്കുന്നവരുടെ യഥാർത്ഥ കണക്കും ഗുണ നിലവാരവും സംബന്ധിച്ച് റിപ്പോർട്ട് ഗ്രാമ -ബ്ളോക്ക് പഞ്ചായത്തുകൾക്കും /നഗരസഭകൾക്കും സമർപ്പിക്കണമെന്ന് നിർദ്ദേശിക്കുന്നു. കൂടാതെ അങ്കണവാടി സ്ഥിതിചെയ്യുന്ന പ്രദേശമുൾപ്പെടുന്ന അയൽ സഭയുടെ നിർവ്വഹണ സമിതി അങ്കണവാടിയിലെ പോഷകാഹാരവിതരണം കൂടെ കൂടെയുള്ള പരിശോധനക്ക് വിധേയമാക്കണം എന്നും വ്യവസ്ഥ ചെയ്യുന്നു.എന്നാൽ ഇത്തരം വ്യവസ്ഥകളൊന്നും തൻവർഷം പാലിച്ചതായികാണുന്നില്ല.

## 3-4 മുൻകൂർ തുകകൾ ക്രമീകരിച്ചില്ല.

പഞ്ചായത്തിലെ അഡ്വാൻസ് റജിസ്റ്റർ പരിശോധിച്ചതിൽ 2012-13 വർഷം മുതൽ വിവിധ ആവശ്യങ്ങൾക്കായി നൽകിയിട്ടുള്ള തുകകൾ നാളിതുവരെ ക്രമീകരിച്ചില്ല. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| വർഷം | തുക | റിമാർക്ക്സ് |
|---|---|---|
| 2012-13 | 50115 | 174/13 നം. പ്രൊജക്റ്റ് പ്രകാരം പറയരുകുന്നം മരുലേത്ത് കോളനി തെരുവ് വിളക്ക് സ്ഥാപിക്കുന്നതിന്. ചേളന്നൂർ കെ.എസ്.ഇ.ബി.അസി, എഞ്ചിനീയർക്ക് നൽകി. പ്രവർത്തി പൂർത്തിയാക്കി മുൻകൂർ തുക ക്രമീകരിച്ചില്ല. |
| 2012-13 | 185500 | 75/13 നം. പ്രൊജക്റ്റ് പ്രകാരം തെരുവ് വിളക്ക് മീറ്റർ സ്ഥാപിക്കുന്നതിനായി ചേളന്നൂർ കെ.എസ്.ഇ.ബി.അസി, എഞ്ചിനീയർക്ക് നൽകി. പ്രവർത്തി പൂർത്തിയാക്കി അഡ്വാൻസ് തുക അഡ്ജസ്റ്റ് ചെയ്തില്ല. |
| 2015-16 | 5750 | പ്രസിഡന്റ്, വൈസ് പ്രസിഡൻറ്, സെക്രട്ടറി, ജെ.എസ്, എ.എസ് എന്നിവർക്ക് ടി.എ ഇനത്തിൽ നൽകിയ മുൻകൂർ തുക ക്രമീകരിച്ചിട്ടില്ല. |
| 2015-16 | 208060 | പ്രേരക്മാർക്കുള്ള ഹോണറേറിയം |
| ആകെ | 449425 | |

വിവിധ ആവശ്യങ്ങൾക്ക് മുൻകൂർ നൽകിയ 449425 രൂപ ക്രമീകരിക്കാത്തതിന് വിശദീകരണം ലഭ്യമാക്കേണ്ടതാണ്. 4-10-11 ലെ ജി.ഒ (പി) 419/2011/ഫിൻ നമ്പർ ഉത്തരവിൽ വർക്ക് അഡ്വാൻസ്, താൽക്കാലിക അഡ്വാൻസ് എന്നിവ കൈപ്പറ്റി മൂന്നുമാസത്തിനകം ഫൈനൽ ബിൽ സമർപ്പിക്കണം അല്ലാത്ത പക്ഷം 18% പലിശ സഹിതം തുക തിരിച്ചു പിടിക്കേണ്ടതാണെന്ന് നിഷ്കർഷിക്കുന്നു.

അപാകതകൾക്ക് വിശദീകരണം ലഭ്യമാക്കുന്നതിന് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് ലഭ്യമാക്കിയ മറുപടിയിൽ പറഞ്ഞ പ്രകാരം തുകകൾ അഡ്ജസ്റ്റ് ചെയ്ത് രേഖകൾ സഹിതം പരിശോധനയ്ക്ക് ഹാജരാക്കേണ്ടതാണ്.

## 3-5 ആശ്രയ രണ്ടാം ഘട്ട പദ്ധതി ഗുണഭോക്താക്കൾക്ക് ഭവന പദ്ധതികൾ നടപ്പിലാക്കിയില്ല

2014-17 വർഷങ്ങളിൽ നടപ്പിലാക്കുന്നതിനാണ് പദ്ധതി തയ്യാറാക്കിയിട്ടുള്ളത്. പഞ്ചായത്തിൽ ദാരിദ്ര്യം നിർമാർജനം ചെയ്യുക എന്ന ലക്ഷ്യത്തോടെ പഞ്ചായത്തിലെ ക്ലേശം അനുഭവിക്കുന്ന അഗതി കുടുംബങ്ങളെ ഉൾപ്പെടുത്തി. 45 ഗുണഭോക്താക്കൾ ആശ്രയ രണ്ടാം ഘട്ട പദ്ധതിയിൽ ഉൾപ്പട്ടിട്ടുണ്ട്. ഇതിൽ 15 ഗുണഭോക്താക്കൾക്ക് വീട് നിർമ്മിച്ച് നൽകേണ്ടതായുണ്ട്. വിശദാംശങ്ങൾ ചുവടെ ചേർക്കുന്ന

1. ബിന്ദു വെള്ളൊക്കുർ മീത്തൽ
2. കല്ല്യാണി തട്ടാറക്കൽ
3. ആസ്യ തോട്ടത്താറിൽ
4. സുനിൽ അരനാട്ടു മീത്തൽ
5. സുബൈദ പുതിയോത്ത്
6. സരസ്സ മണ്ണടത്ത്
7. കല്ല്യാണി വെളുത്താറമ്പത്ത് മീത്തൽ
8. ശാരദ മണ്ടലോടി
9. നാരായണി പോറോത്ത്
10. സാവിത്രി കൊല്ലരിക്കൽ
11. കമല അരുവക്കൽ
12. പദ്മിനി കാക്കുർ മലയിൽ
13. അംമ്പിക കുനിയടി മലയിൽ
14. ശാന്ത ഒതയോത്ത് മീത്തൽ
15. മാധവി മുരുവാട്ടു കുന്നുമ്മൽ

പദ്ധതി നിർവ്വഹണവുമായി ബന്ധപ്പെട്ട് ചുവടെ ചേർക്കുന്ന അപാകതകൾ നിലനിൽക്കുന്നു.

പഞ്ചായത്തിലെ ഏറ്റവും പിന്നോക്കം നിൽക്കുന്ന മേൽ ഗുണഭോക്താക്കൾക്ക് ഇതു വരെയും വീട് നിർമ്മിച്ചു നൽകാത്തത് ഗുരുതരമായ വീഴ്ചയാണ്. പ്രഥമ പരിഗണന നൽകേണ്ട ഈ വിഭാഗത്തെ ഉൾപ്പെടുത്താതെയാണ് പദ്ധതികൾ നടപ്പിലാക്കുന്നത്.

പദ്ധതിയുടെ ഗുണഫലം ലഭിക്കാതെ ഒറ്റയ്ക്ക് താമസിച്ചിരുന്ന വൃദ്ധയായ നാരായണി പോറോത്ത്, (വാർഡ് നം. -20) ഒറ്റയ്ക്ക് താമസിച്ചിരുന്ന വൃദ്ധയും രോഗിയുമായ മാധവി മുരുവാട്ടു കുന്നുമ്മൽ (വാർഡ് നം-12) എന്നീ ഗുണഭോക്താക്കൾ മരിയ്ക്കാനിടയായ സാഹചര്യം ഉണ്ടായിട്ടുണ്ട്.

വീടില്ലാത്ത ആശ്രയ ഗുണഭോക്താക്കൾക്ക് വേണ്ടി അസിസ്റ്റന്റ് സെക്രട്ടറി നടപ്പിലാക്കിയ ഭവനനിർമ്മാണ പദ്ധതിയിൽ ( എസ്.ഒ.191/2015-16) വകയിരുത്തിയ തുക ചെലവഴിക്കാതെ ലാപ്സായിപ്പോയി.

മുൻ വർഷങ്ങളിൽ ആശ്രയ ഭവന നിർമ്മാണത്തിനായി ജില്ലാ പഞ്ചായത്തിൽ നിന്നും ലഭിച്ചിട്ടുള്ള 3,00,000 രൂപ ഇപ്പോഴും ചെലവഴിക്കാതെ പഞ്ചായത്ത് ഫണ്ടിൽ സൂക്ഷിച്ചിട്ടുണ്ട്.

സ.ഉ.(എം.എസ്)നം.4/2016/ത.സ്വ.ഭ.വ തീ. 11-1-2016-ലെ ഖണ്ഡിക നം. 11-11-ലെ വ്യവസ്ഥകൾ പാലിച്ച് ആശ്രയപദ്ധതി പ്രവർത്തനം കാര്യക്ഷമമായി പൂർത്തീകരിയ്ക്കേണ്ടതാണ്.

## 3-6 ആയുർവ്വേദ ആശുപത്രിയിലേയ്ക്ക് മരുന്നു വാങ്ങൽ പദ്ധതി - മുഴുവൻ മരുന്നുകൾ ലഭ്യമായില്ല.

പ്രൊജക്റ്റ് നം- എസ്.ഒ. 109/17

ചെലവ്- 300000 ( ബിൽ നം. 1/16-17/22-09-16 )

നിർവ്വഹണ ഉദ്യോഗസ്ഥൻ - മെഡിക്കൽ ഓഫീസർ, ആയുർവ്വേദം

ആയുർവ്വേദ ആശുപത്രിയിലേയ്ക്ക് മരുന്നു ലഭിയ്ക്കുന്നതിന് ഡി.ഡി. നം. 379875/22-12-16 പ്രകാരം 300000 രൂപ ഔഷധിയ്ക്ക് നൽകിയിട്ടുണ്ട്. ഔഷധിയുമായി കരാറിലേർപ്പെടാതെയാണ് തുക നൽകിയിട്ടില്ലത്. മരുന്നിന്റെ സ്റ്റോക്ക് രജിസ്റ്റർ പരിശോധിച്ചതിൽ 17792 രൂപയുടെ മരുന്നുകൾ ഇതുവരെ ലഭിച്ചിട്ടില്ല. ലഭിച്ച 282208 രൂപയുടെ മരുന്ന് തന്നെ ഘട്ടം ഘട്ടമായാണ് ലഭിച്ചിട്ടുള്ളത്. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| തിയ്യതി | ലഭിച്ച മരുന്നിന്റെ വില |
|---|---|
| 7-1-17 | 101013 |
| 11-2-17 | 47335 |
| 1-3-17 | 26717 |
| 22-3-17 | 27698 |
| 20-4-17 | 17575 |
| 8-6-17 | 30349 |

| | |
|---|---|
| 8-6-17 | 10501 |
| 11-6-17 | 6716 |
| 4-7-14 | 14304 |
| ആകെ | 282208 |

കരാറിൽ ഏർപ്പെടാതെ മുൻകൂർ തുക നൽകിയതിനും സമയബന്ധിതമായി മരുന്ന ലഭിയ്ക്കാത്തതിനും വിശദീകരണം ലഭ്യമാക്കുന്നതിന് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് മറുപടി ലഭ്യമാക്കിയിട്ടില്ല. 17792 രൂപയുടെ ചെലവ് തടസ്സത്തിൽ വയ്ക്കുന്നു

## 3-7 കാലഹരണപ്പെട്ട ഡെപ്പോസിറ്റ് തുകകൾ പഞ്ചായത്ത് ഫണ്ടിൽ മുതൽക്കൂട്ടിയില്ല

കേരള ഫിനാൻഷ്യൽ കോഡ് VOL-1 ആർട്ടിക്കിൾ 282 പ്രകാരം കാലഹരണപ്പെട്ട ഡെപ്പോസിറ്റ് തുകകൾ അതായത് ഉടമസ്ഥൻ അവകാശപ്പെടാത്ത (unclaimed) ഡെപ്പോസിറ്റ് തുകകൾ ഗവ:ഫണ്ടിൽ മുതൽ കൂട്ടേണ്ടതാണ്. പഞ്ചായത്തിലെ ഡെപ്പോസിറ്റ് രജിസ്റ്റർ പരിശോധിച്ചതിൽ 2006-07 വർഷം മുതൽ 2013-14 വർഷം വരെയുള്ള കാലയളവിൽ ഉള്ള ഡെപ്പോസിറ്റ് തുക 2,02,821/ രൂപ അവകാശപ്പെടാതെയും പഞ്ചായത്ത് ഫണ്ടിൽ മുതൽക്കൂട്ടാതെയും അവശേഷിക്കുന്നുണ്ട്. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| വർഷം | തുക |
|---|---|
| 2006-07 | 11375 |
| 2007-08 | 74982 |
| 2008-09 | 31998 |
| 2009-10 | 18713 |
| 2010-11 | 2025 |
| 2011-12 | 44790 |
| 2012-13 | 5600 |
| 2013-14 | 13338 |
| ആകെ | 2,02,821 |

ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് ലഭ്യമാക്കിയ മറുപടിയിൽ പറഞ്ഞ പ്രകാരം തുകകൾ പഞ്ചായത്ത് ഫണ്ടിൽ മുതൽക്കൂട്ടി രേഖകൾ സഹിതം പരിശോധനയ്ക്ക് ഹാജരാക്കേണ്ടതാണ്.

## 3-8 പാലിന് സബ്സിഡി നൽകൽ പദ്ധതി - സബ്സിഡി തുക ക്ഷീര കർഷകരുടെ ബാങ്ക് അക്കൗണ്ടിൽ ക്രെഡിറ്റ് ചെയ്യുന്നത് സംബന്ധിച്ച്.

പ്രൊജക്ട് നം- എസ്.ഒ. 115/17

ചെലവ്- 6,15,000 ( 300000-ഗ്രാമപഞ്ചായത്ത് വിഹിതം ബിൽ നം. 1/16-17/27-03-17

3,15,000 ബ്ലോക്ക് പഞ്ചായത്ത് വിഹിതം ചെക്ക് നം. 1283682//27-03-17)

നിർവ്വഹണ ഉദ്യോഗസ്ഥൻ - ഡയറി ഫാം ഇൻസ്ട്രക്ടർ

ചെലവ് തുക ക്ഷീര കർഷകർക്ക് അവരവരുടെ ബാങ്ക് അക്കൗണ്ടിലേയ്ക്ക് നൽകുന്നതിനായി ഡയറി ഫാം ഇൻസ്ട്രക്ടർ ക്ഷീര സംഘങ്ങൾക്ക് നൽകിയിട്ടുണ്ട്. ക്ഷീര സംഘങ്ങളുടെ ബാങ്ക് സ്റ്റേറ്റ്മെന്റ് പരിശോധിച്ചതിൽ താഴെ പറയുന്ന കർഷകരുടെ സബ്സിഡി തുക സംഘത്തിന്റെ ബാങ്ക് അക്കൗണ്ടിൽ തന്നെ വരവ് വന്നിട്ടുണ്ട്. എന്നാൽ ഈ തുക കർഷകരുടെ അക്കൗണ്ടുകളിൽ വരവ് വന്നില്ല.

| ക്ഷീര സംഘത്തിന്റെ പേര്, നൽകിയ തുക | ഗുണഭോക്താവിന്റെ പേര് | തുക |
|---|---|---|
| കണ്ണങ്കര 114318 | അതുമാൻ | 3072 |
| | സുജാത | 1119 |
| | സുനിൽ കുമാർ | 1233 |
| | സരോജിനി | 1677 |
| | വാസു | 513 |
| അമ്പലപ്പാട് 195071 | സുമാലിനി | 1509 |
| | ഗോപീനാഥ് | 12946 |
| | ശ്രീധരൻ നായർ | 2466 |

| | | |
|---|---|---|
| | ബാലാമണി | 7073 |
| | അച്യുതൻ നായർ | 4045 |
| | സദാനന്ദൻ | 209 |
| | സുരേഷ് | 4495 |
| ഇച്ചന്നൂർ 124717 | സത്യവതി | 4728 |
| | സരോജിനി | 4392 |
| ചേളന്നൂർ, 180894 | -- | -- |

അപാകതയ്ക്ക് വിശദീകരണം വിശദീകരണം ആവശ്യപ്പെട്ടുകൊണ്ട് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് ലഭ്യമാക്കിയ മറുപടിയിൽ പറഞ്ഞ പ്രകാരം തുകകൾ കർഷകരുടെ അക്കൗണ്ടിൽ ക്രെഡിറ്റ് ചെയ്ത് രേഖകൾ സഹിതം പരിശോധനയ്ക്ക് ഹാജരാക്കേണ്ടതാണ്.

## 3-9 സാനിറ്ററി യൂണിറ്റ് (കക്കൂസ് നിർമ്മാണം, ഒ.ഡി.എഫ്)- ശുചിത്വമിഷൻ ഫണ്ട് വിനിയോഗം സംബന്ധിച്ച്.

പ്രൊജക്ട് നം- എസ്.ഒ. 01/17

വികസന ഫണ്ട് ചെലവ്-41,11,800 (വികസന ഫണ്ട് 3807800/ + തനത് ഫണ്ട് -304000)

നിർവ്വഹണ ഉദ്യോഗസ്ഥൻ - വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ

ഈ പദ്ധതിയിൽ 267 ഗുണഭോക്താക്കൾക്ക് 15400 രൂപ വീതം ധനസഹായം നൽകിയിട്ടുണ്ട്. ശുചിത്വ മിഷൻ നൽകുന്ന 12000 രൂപയും പഞ്ചായത്തിന്റെ വിഹിതമായി 3400 രൂപയും വീതമായിരുന്നു പദ്ധതിയ്ക്ക് വിനിയോഗിക്കേണ്ടിയിരുന്നത്. എന്നാൽ ശുചിത്വ മിഷനിൽ നിന്ന് ഫണ്ട് ലഭിയ്ക്കാൻ താമസിച്ചതിനാൽ വികസന ഫണ്ടിൽ നിന്നാണ് വിനിയോഗിച്ചിട്ടുള്ളത്. പിന്നീട് ശുചിത്വ മിഷനിൽ നിന്ന് 2589900 രൂപയാണ് ഇതിനായി ലഭിച്ചിട്ടുള്ളത്.

| ചെക്ക് നമ്പർ, തിയ്യതി | തുക | റിമാർക്ക്സ് |
|---|---|---|
| 0022702/20-03-17 | 1281600 | കാനറാ ബാങ്കിലെ തനത് ഫണ്ട് അക്കൗണ്ടിൽ നിക്ഷേപിച്ചു |
| 650348/18-01-17 | 1308300 | ടി |
| ആകെ | 2589900 | |

ശുചിത്വ മിഷനിൽ നിന്ന് 12,17,900 കൂടി ലഭിക്കാനുണ്ട് (3807800 – 2589900) .

ശുചിത്വ മിഷനിൽ നിന്ന് ബാക്കി തുക ലഭിയ്ക്കാൻ സ്വീകരിച്ച നടപടികളും. തനത് ഫണ്ടിൽ നിക്ഷപിച്ച 3807800 രൂപയുടെ വിനിയോഗ വിവരവും ആവശ്യപ്പെട്ടുകൊണ്ട് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് ലഭ്യമാക്കിയ മറുപടിയിൽ പറഞ്ഞ പ്രകാരം തുകകൾ വിനിയോഗിച്ചതിന്റെ രേഖകൾ സഹിതം പരിശോധനയ്ക്ക് ഹാജരാക്കേണ്ടതാണ്.

## 3-10 ഭവന നിർമ്മാണ പദ്ധതികൾ ലക്ഷ്യം കൈവരിച്ചില്ല.

പഞ്ചായത്തിലെ ഭവനരഹിതർക്ക് വീട് ലഭ്യമാക്കുക എന്ന ലക്ഷ്യത്തോടെ വിവിധ വർഷങ്ങളിൽ ആരംഭിച്ചിട്ടുള്ള ഭവന നിർമ്മാണ പദ്ധതികൾ ചില ഗുണഭോക്താക്കൾ ഭവനനിർമ്മാണം പൂർത്തിയാക്കിയിട്ടില്ലാത്തതിനാൽ ലക്ഷ്യം കൈവരിച്ചിട്ടില്ല. ഏതാനും ഗഡുക്കൾ മാത്രം കൈപ്പറ്റിയ ശേഷം ഭവന നിർമ്മാണം പൂർത്തിയാക്കാതിരിക്കുന്നത് ഈയിനത്തിൽ ചെലവഴിച്ച തുക പാഴാകുന്നതിനും സമ്പൂർണ്ണ പാർപ്പിട സുരക്ഷാ പദ്ധതി എന്ന ഗവൺമെൻറ് ലക്ഷ്യത്തിന് വിഘാതവുമായിത്തീരുന്നു. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| പദ്ധതിയുടെപേര് ആരംഭിച്ച വർഷം | ഗുണഭോക്താവിന്റെ പേര് | നാളിതുവരെ നൽകിയതുക | ബാക്കി നൽകാനുള്ളത് |
|---|---|---|---|
| എസ്.സി. ഭവന നിർമ്മാണം 2013-14,2014-15 | ഭാസുര പട്ടോന | 80000 | 120000 |
| | ബബിത | 140000 | 60000 |
| | ബ്രിജില | 140000 | 60000 |
| | ബിന്ദു | 180000 | 20000 |
| | പ്രമീള | 180000 | 20000 |
| | കണ്ടത്തി | 80000 | 120000 |
| | ബാലൻ | 80000 | 120000 |
| | പ്രകാശൻ | 80000 | 120000 |
| | ഉഷാകുമാരി | 20000 | 120000 |
| ഇ.എം.എസ് ഭവന പദ്ധതി 2009-10,2010-11 | ദേവകി അമ്മ | 67500 | 7500 |
| | രാജൻ | 67500 | 7500 |
| | രാജാമണി | 52500 | 22500 |
| | ജനാർദ്ധനൻ | 52500 | 22500 |

| | | | |
|---|---|---|---|
| | രമേശൻ | 52500 | 22500 |
| | ഗോപാലൻ | 67500 | 7500 |
| | ബിന്ദു | 52500 | 22500 |
| | മോഹൻദാസ് | 52500 | 22500 |
| | സഹദേവൻ | 67500 | 7500 |
| | മുജീബ് | 22500 | 52500 |
| | ദേവാനന്ദൻ | 67500 | 7500 |
| | മധു | 67500 | 7500 |
| | വിജയൻ | 52500 | 22500 |
| | ഷാജി | 22500 | 52500 |
| | ചാത്തു | 67500 | 7500 |

ഗുണഭോക്താക്കളുമായി നേരിൽ ബന്ധപ്പെട്ട് ഭവന നിർമ്മാണം പൂർത്തീകരിക്കുന്നതിനുള്ള സത്വര നടപടികൾ ഗ്രാമപഞ്ചായത്ത് തലത്തിൽ സ്വീകരിക്കേണ്ടതാണ്.

## 3-11 ഹോമിയോ ആശുപത്രിയിലേയ്ക്ക് മരുന്നു വാങ്ങൽ പദ്ധതി - മുഴുവൻ മരുന്നുകൾ ലഭ്യമായില്ല.

പ്രൊജക്ട് നം- എസ്.ഒ. 28/17

ചെലവ്- 200000 ( ബിൽ നം. 1/16-17/18-01-17 )

നിർവ്വഹണ ഉദ്യോഗസ്ഥൻ - മെഡിക്കൽ ഓഫീസർ, ഹോമിയോ.

ഹോമിയോ ആശുപത്രിയിലേയ്ക്ക് മരുന്നു ലഭിയ്ക്കുന്നതിന് ഡി.ഡി. നം. 795175/18-1-17 പ്രകാരം 200000 രൂപ ഹോമിയോപതിക്ക് കോഓപ്പറേറ്റീവ് സൊസൈറ്റിയ്ക്ക് നൽകിയിട്ടുണ്ട്. മരുന്നിന്റെ സ്റ്റോക്ക് റജിസ്റ്റർ പരിശോധിച്ചതിൽ മരുന്നുകളൊന്നും ലഭിച്ചിട്ടില്ല. എന്നാൽ 128220 രൂപയുടെ മരുന്നുകൾ 21-06-17ന് ലഭിച്ചിട്ടുണ്ടെന്നും ആയത് സ്റ്റോക്കിൽ എടുത്തിട്ടില്ല എന്നും ഫാർമസിസ്റ്റ് അറിയിച്ചു. ബാക്കി 71780 രൂപയുടെ മരുന്നുകൾ ലഭിച്ചിട്ടില്ല. (200000-128220). അപാകതയ്ക്ക് വിശദീകരണം ആവശ്യപ്പെട്ടുകൊണ്ട് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് മറുപടി ലഭ്യമാക്കിയിട്ടില്ല. ബാക്കി മരുന്നുകൾ ലഭ്യമാക്കുന്നതിനുള്ള അടിയന്തിര നടപടികൾ സ്വീകരിക്കേണ്ടതാണ്. 2,00,000/- രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

## 3-12 പാലിയേറ്റീവ് പരിചരണ പദ്ധതി - നടത്തിപ്പിന് മരുന്നുകൾ ലഭ്യമായില്ല.

പ്രൊജക്ട് നം- എസ്.ഒ. 106/17

ചെലവ്- 292447

വികസന ഫണ്ട്

നിർവ്വഹണ ഉദ്യോഗസ്ഥൻ - മെഡിക്കൽ ഓഫീസർ, പി.എച്ച്.സി

മെഡിക്കൽ ഓഫീസർ, പി.എച്ച്.സി നിർവ്വഹണ ഉദ്യോഗസ്ഥനായി നടപ്പിലാക്കിയ സാന്ത്വന പരിചരണ പരിപാടി - കിടപ്പിലായ രോഗികൾക്ക് ഗൃഹ പരിചരണം നൽകൽ പദ്ധതിയിൽ പഞ്ചായത്തിലെ ദുരിതമനുഭവിക്കുന്ന കിടപ്പുരോഗികൾക്ക് മരുന്നു നൽകുന്നതിനായി 61800 രൂപ (ബിൽ നം.13/16-17/31-03-17 ) മരുന്നിന്റെ വിലയായി കേരള മെഡിക്കൽ സർവ്വീസ് കോർപ്പറേഷന് നൽകിയിട്ടുണ്ട്. എന്നാൽ മരുന്നുകൾ നാളിതുവരെയും ലഭ്യമായിട്ടില്ല. പദ്ധതി നടത്തിപ്പിനാവശ്യമായ മരുന്നുകൾ ലഭിച്ചിട്ടില്ലാത്തതിനാൽ പദ്ധതി ലക്ഷ്യം കൈവരിച്ചിട്ടില്ല. അപാകതയ്ക്ക് വിശദീകരണം ലഭ്യമാക്കുന്നതിന് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് മറുപടി ലഭ്യമാക്കിയിട്ടില്ല. 61800/- രൂപയുടെ ചെലവ് തടസ്സത്തിൽ വയ്ക്കുന്നു

## 3-13 ജീവിത ശൈലീ രോഗ നിയന്ത്രണ പദ്ധതി നടത്തിപ്പിലെ അപാകതകൾ.

പ്രൊജക്ട് നം- എസ്.ഒ. 162/17

| | |
|---|---|
| ചെലവ്- 60000 | 20000( ബിൽ നം.11/16-17/31-03-17 ധനകാര്യ കമ്മീഷൻ ഗ്രാന്റ്) |
| | 40000 ( ബിൽ നം.14/16-17/31-03-17 മെയിന്റനൻസ് ഗ്രാന്റ് റോഡിതരം) |

നിർവ്വഹണ ഉദ്യോഗസ്ഥൻ - മെഡിക്കൽ ഓഫീസർ, പി.എച്ച്.സി

ജീവിത ശൈലീ രോഗ നിയന്ത്രണം എന്ന പദ്ധതിയ്ക്കായി പിൻ വലിച്ചിട്ടുള്ള 60000രൂപ താഴെ കാണിച്ച ആവശ്യങ്ങൾക്കാണ് വിനിയോഗിച്ചിട്ടുള്ളത് .

| ചെലവ് തുക | റിമാർക്സ് |
|---|---|
| 40000 | മെഡിക്കൽ ക്യാമ്പ് നടത്തുന്നതിന്റെ ആവശ്യത്തിലേയ്ക്കായി.ഗ്ലൂക്കോമീൻ, ബി.പി അപ്പാരറ്റസ് തുടങ്ങിയ ഉപകരണങ്ങൾ വാങ്ങാൻ തുക മെഡിക്കൽ സർവ്വീസ് കോർപ്പറേഷന് നൽകി.നാളിതു വരെ ഉപകരണങ്ങൾ ലഭിച്ചിട്ടില്ല. |
| 10000 | കുടുംബാരോഗ്യ സർവ്വേ ഫോറം അച്ചടിക്കുന്നതിനായി 10000 രൂപ ചേളന്നൂർ പ്രിന്റേർസ് എന്ന സ്ഥാപനത്തിന് നൽകി.ഫോറങ്ങൾ സ്റ്റോക്കിൽ എടുത്തിട്ടില്ല. ഫോറങ്ങൾ ഉപയോഗിച്ച് സർവ്വേ നടത്തിയതിന്റെ വിശദാംശങ്ങൾ ലഭ്യമാക്കിയിട്ടില്ല. |
| 10000 | ലഘു ഭക്ഷണത്തിനു വേണ്ടി ചെലവഴിച്ചത്. |

പദ്ധതി ലക്ഷ്യത്തിനായുള്ള പ്രവർത്തനങ്ങൾ പൂർത്തിയാക്കിയിട്ടില്ല. കൂടാതെ 11-01-16 ലെ ജി.ഒ(എം.എസ്)4/16 /ത.സ്വ.ഭ.വ നമ്പർ പ്രകാരമുള്ള പദ്ധതി മാർഗ്ഗ രേഖ ഖണ്ഡിക 11-7(vii) പ്രകാരം രോഗ പ്രതിരോധ പ്രവർത്തനങ്ങൾ ബോധ വൽക്കരണ പരിപാടികൾ, സർവ്വെകൾ മറ്റ് വിവര ശേഖരണങ്ങൾ മുതലായവ ആരോഗ്യ വകുപ്പിലെ ജീവനക്കാർ ആശാവർക്കർ എന്നിവരിലൂടെയും NHM പരിപാടികൾ വാർഡുതല ആരോഗ്യ ശുചിത്വ പോഷണ സമിതികൾക്ക് ലഭിക്കുന്ന വിവിധ ഫണ്ടുകൾ എന്നിവ ഉപയോഗപ്പെടുത്തിയും ചെയ്യേണ്ടതാണ്. മാർഗ്ഗ രേഖയ്ക്ക് വിരുദ്ധമായി മേൽ പദ്ധതി പഞ്ചായത്ത് നടപ്പിലാക്കിയതിനടിസ്ഥാനമാക്കിയ അനുമതി വിവരം ലഭ്യമാക്കേണ്ടതാണ്. ചെലവു തുക താത്ക്കാലികമായി തടസ്സപ്പെടുത്തുന്നു.

## 3-14 സ്ഥലം വാങ്ങലിനായി ധനസഹായം ലഭിച്ച ഗുണഭോക്താക്കളുടെ സമ്പൂർണ്ണ പുനരധിവാസം ഉറപ്പ് വരുത്തിയിട്ടില്ല

ഭൂരഹിത ഭവനരഹിത ഗുണഭോക്താക്കളുടെ സമ്പൂർണ്ണ പുനരധിവാസം ലക്ഷ്യമിട്ട് ആദ്യഘട്ടമായി സ്ഥലം വാങ്ങുന്നതിന് ധനസഹായം കൈപ്പറ്റിയ ഗുണഭോക്താക്കൾ പദ്ധതി ധനസഹായം വിനിയോഗിച്ചോ എന്നും സ്വന്തം നിലയിൽ ഭവന നിർമ്മാണം പൂർത്തിയാക്കിയിട്ടുണ്ടോയെന്നും പഞ്ചായത്ത് തലത്തിൽ ഉറപ്പ് വരുത്തിയിട്ടില്ല. തൻവർഷം അസിസ്റ്റന്റ് സെക്രട്ടറി നിർവ്വഹണ ഉദ്യോഗസ്ഥനായി നടപ്പിലാക്കിയ 138/17 നമ്പർ പ്രോജക്ട് പ്രകാരം താഴെപ്പറയുന്ന ഗുണഭോക്താവിന് 3 സെന്റ് വീതം സ്ഥലം വാങ്ങുന്നതിന് ധനസഹായം നൽകിയിട്ടുണ്ട്.

| ഗുണഭോക്താവ് | സ്ഥലം വിറ്റ വ്യക്തി | തുക | ബിൽ നം./തീയതി |
|---|---|---|---|
| ഉദയഭാനു, മേലെ പുനാചിരത്ത് ,ഇരുവള്ളൂർ പി.ഒ | ലീലാവതിയമ്മ, പാവാട്ടുകുന്നുമ്മേൽഇരുവള്ളൂർ പി.ഒ | 225000 | 10/16-17 |

മുൻവർഷങ്ങളിൽ വസ്തു വാങ്ങുന്നതിന് സഹായം ലഭിച്ചവരും മേൽ സൂചിപ്പിച്ച ഗുണഭോക്താവും തുടർവർഷങ്ങളിൽ ഭവനനിർമ്മാണം നടത്തുന്നതിന് ആവശ്യമായ നടപടികൾ സ്വീകരിച്ചിട്ടുണ്ടോ എന്ന് ഉറപ്പ് വരുത്തേണ്ടതാണ്.

## 3-15 ശുചിത്വഗ്രാമം സുന്ദരഗ്രാമം -പ്രവൃത്തിയുമായി ബന്ധപ്പെട്ട ആദായനികുതി മുഴുവനായും സർക്കാരിലേയ്ക്ക് അടവാക്കിയിട്ടില്ല

2016-17 സാമ്പത്തികവർഷം സെക്രട്ടറി നിർവ്വഹണോദ്യോഗസ്ഥനായി നടപ്പിലാക്കിയ ശുചിത്വഗ്രാമം സുന്ദരഗ്രാമം എന്ന പ്രവൃത്തിയ്ക്കായി ആകെ ചെലവുവന്ന തുക 679014 രൂപയാണ്. പ്രസ്തുതചെലവുമായി ബന്ധപ്പെട്ട് 13580(2%) രൂപ ആദായനികുതിയിനത്തിൽ സർക്കാരിലേയ്ക്ക് അടവാക്കേണ്ടിയിരുന്നു. എന്നാൽ 6790 രൂപ മാത്രമേ സർക്കാരിലേയ്ക്ക് അടവാക്കിയിട്ടുള്ളു. പ്രവൃത്തിയുമായി ബന്ധപ്പെട്ട് അടവാക്കിയ സെക്യൂരിറ്റി നിക്ഷേപത്തിൽ നിന്നും ശേഷിയ്ക്കുന്ന 6790 രൂപ കൂടി ഈടാക്കി സർക്കാരിലേയ്ക്ക് അടവാക്കുന്നതിന് അടിയന്തിര നടപടി സ്വീകരിയ്ക്കേണ്ടതാണ്.

## 3-16 കറന്റ് ചാർജ്ജിനത്തിൽ വൻ സാമ്പത്തിക ബാദ്ധ്യത ഉണ്ടാകുന്നത് സംബന്ധിച്ച്

ഓഡിറ്റുവർഷം തെരുവുവിളക്കുകളുടെ കറന്റ് ചാർജ്ജിനത്തിൽ 6.1 ലക്ഷം രൂപ ചെലവുണ്ട്. 23.01.17-ൽ കെ.എസ്.ഇ.ബിയുമായി വാർഡ് തിരിച്ച് സംയുക്തപരിശോധന നടത്തിയതിൽ നിന്നും ആകെ 1097 തെരുവുവിളക്കുകൾ പഞ്ചായത്തിലുണ്ടെന്ന് വ്യക്തമായിട്ടുണ്ട്. എന്നാൽ ഇവയിൽ പല തെരുവുവിളക്കുകളും പ്രവർത്തന രഹിതമാണെന്ന് മെമ്പർമാർ അഭിപ്രായപ്പെട്ടിട്ടുണ്ട്. 2012-13 സാമ്പത്തിക വർഷം തെരുവുവിളക്കുകൾക്ക് മീറ്റർ സ്ഥാപിയ്ക്കുന്നതിനായി കെ.എസ്.ഇ.ബിയിൽ 235615 രൂപ (vr. 21200534&21200535) നിക്ഷേപിച്ചിട്ടുണ്ട്. എന്നാൽ നാല് വർഷം കഴിഞ്ഞിട്ടും പ്രസ്തുത പ്രവൃത്തി ആരംഭിച്ചുകാണുന്നില്ല. പഞ്ചായത്ത് അധികൃതർ എത്രയും വേഗം കെ.എസ്.ഇ.യുമായി ബന്ധപ്പെട്ട് തെരുവുവിളക്കുകൾക്ക് മീറ്റർ സ്ഥാപിയ്ക്കുന്നതിന് അടിയന്തിര ശ്രമം നടത്തി തനതുഫണ്ടിന്റെ പാഴ് ചെലവ് ഒഴിവാക്കേണ്ടതാണ്.

## ഭാഗം-4

## പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

### 4-1. സംയുക്ത പ്രൊജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം

| വിഹിതം നൽകിയ സ്ഥാപനം | തുക ലഭിച്ച തീയ്യതി | ലഭിച്ച തുക | പ്രൊജക്ടിന്റെ പേര് | ചെലവ് | ബാലൻസ് |
|---|---|---|---|---|---|
| ജില്ലാമിഷൻ സബ്സിഡി | 17.03.17 | 315000 | | 315000 | - |
| സമ്പൂർണ്ണശുചിത്വം | 17.03.17 | 100000 | | 100000 | - |
| | 31.03.17 | 600000 | | 600000 | - |
| | 31.03.17 | 1,32,800 | | 1,32,800 | - |
| | 31.03.17 | 32560 | | 32560 | - |
| | 31.03.17 | 74000 | | 74000 | - |

### 4-2 ഡെപ്പോസിറ്റ് വർക്കിനു നൽകിയ തുകയുടെ വിവരങ്ങൾ

ഓഡിറ്റ് വർഷത്തിൽ താഴെ പറയുന്ന സ്ഥാപനങ്ങൾക്ക് ഡെപ്പോസിറ്റ് വർക്കായി പ്രവൃത്തി നടത്തുന്നതിന് മുൻകൂർ നൽകിയിട്ടുണ്ട്. തുക ചെലവഴിച്ച് പ്രവൃത്തി നടത്തിയതിന്റെയും ബാക്കി തുകയുടെയും വിവരങ്ങൾ താഴെ കൊടുക്കുന്നു.

| നിർവഹണ ഏജൻസി | പ്രവൃത്തിയുടെ പേര് | വൗച്ചർ നമ്പർ/ ചെക്ക് നം. | മുൻകൂർ നൽകിയ തുക | ചെലവഴിച്ച തുക | ചെലവഴിക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|
| കെ.എസ്.ഇ.ബി | മീറ്റർ സ്ഥാപിയ്ക്കൽ | --- | 235615 | -- | 235615 |

### 4-3 മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത്

സാമ്പത്തികവർഷം മൊബിലൈസേഷൻ അഡ്വാൻസ് ഇനത്തിൽ ചെലവുണ്ടായിട്ടില്ല.

### 4-4 വായ്പ/ വായ്പ തിരിച്ചടവ്

ഓഡിറ്റ് വർഷം വായ്പ തിരിച്ചടച്ചതിന്റെയും വർഷാവസാനം തിരിച്ചടയ്ക്കാൻ അവശേഷിക്കുന്ന വായ്പ തുകയുടെയും വിശദവിവരം താഴെ കൊടുക്കുന്നു.

| വായ്പയുടെ പേര്/ ഉദ്ദേശ്യം | ഉത്തരവ് നമ്പർ/തീയ്യതി | വായ്പ തുക | വർഷാരംഭത്തിൽ തിരിച്ചടയ്ക്കാൻ ബാക്കിയുണ്ടായിരുന്ന തുക | തൻവർഷം തിരിച്ചടച്ച തുക | | വർഷാവസാനം തിരിച്ചടയ്ക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|---|
| | | | | മുതൽ | പലിശ | |

| | | | | | | | |
|---|---|---|---|---|---|---|---|
| ഇ.എം. എസ്ഭവനപദ്ധതി | A2-8439/10 dt. 8.10.10 | - | | 6,90,686 | 200000 | | 490686 |

## 4-5 സ്ഥിരനിക്ഷേപങ്ങൾ

| | | | |
|---|---|---|---|
| വർഷാരംഭത്തിൽ ഉണ്ടായിരുന്ന സ്ഥിര നിക്ഷേപം | 422982 | 291333 | 665450 |
| തൻവർഷം നിക്ഷേപിച്ച തുക | ---- | ----- | ------- |
| ആകെ | 422982 | 291333 | 665450 |
| തന്നാണ്ടിൽ പിൻവലിച്ച തുക | ------- | ------- | -------- |
| വർഷാവസാനം അവശേഷിക്കുന്ന സ്ഥിരനിക്ഷേപം | 446859 | 307778 | 702115 |

വർഷാവസാനം അവശേഷിക്കുന്ന സ്ഥിരനിക്ഷേപങ്ങളുടെ വിവരം താഴെ കൊടുക്കുന്നു .

| നിക്ഷേപത്തിന്റെ വിവരം | തുക |
|---|---|
| FD.no-904271dt. 20.11.16 | 446859 |
| FD-no-904272dt. 20.11.16 | 307778 |
| FD-904388 dt. 26.09.16 | 702115 |
| ആകെ | 1456752 |

## 4-6 ഓഡിറ്റ് റിക്കവറി

ഈയിനത്തിൽ തൻവർഷം ലഭിച്ച /വരവില്ല1062രൂപയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| റിപ്പോർട്ട് വർഷം | ഭാഗം/ ഖണ്ഡിക | ഈടാക്കിയ തുക | ഒടുക്കിയ ആളുടെ പേരും ഉദ്യോഗ പ്പേരും | രശീത് നമ്പർ തിയ്യതി |
|---|---|---|---|---|
| 2013-14 | 3-18 | 1062 | ലഭ്യമല്ല. | 11603400001 |

## 4-7 സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം.

പഞ്ചായത്തിലെ മുൻവർഷ ഓഡിറ്റ് റിപ്പോർട്ടികളിൽ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം 23- വകുപ്പ് പ്രകാരമുള്ള സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളിൽ തീർപ്പാക്കാൻ അവശേഷിക്കുന്നവയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ഓഡിറ്റ് വർഷം | ഖണ്ഡിക | സമാഹൃത റിപ്പോർട്ട് വർഷം/ഖണ്ഡിക | വിഷയം | ഇപ്പോഴത്തെ അവസ്ഥ |
|---|---|---|---|---|
| 1998-99 | 30 | 2003-04 3(3) | പറയമ്പ്രക്കുന്ന് വാട്ടർ സപ്ളൈ സ്കീം (വ്യക്തികൾ വിട്ടുകൊടുത്ത ഭൂമിയിൽ നടപടിക്രമം പാലിക്കാതെ | |

| | | | | |
|---|---|---|---|---|
| | | | നിർമ്മാണം) | |
| 1999-2000 | | 2004-05<br>3(33) | നികുതി പിരിവിൽ അലംഭാവം | |
| 2000-01 | 12 | 2003-04<br>5-15 | വീട് നിർമ്മാണത്തിനുള്ള അപേക്ഷ ഇല്ലാതെ ബോഡിന് അധികമടച്ച 7,25,000/- രൂപ തിരികെ ഈടാക്കേണ്ടതാണ്. | |
| 2000-01 | - | 2003-04<br>3-36 | നികുതി പിരിവിൽ അലംഭാവം | |
| 2005-06 | 3-8 | 2008-09<br>3-6-2 | കൊപ്ര ഡ്രയർ യൂണിറ്റ് സ്ഥാപിക്കൽ- പദ്ധതി ലക്ഷ്യം കണ്ടില്ല. | |

## 4-8 ഓഡിറ്റ് പ്രത്യവലോകനം

(എ) സംക്ഷിപ്ത വിവരം

| | |
|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | 50424873 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | 44505733 |
| വരവിനങ്ങളിലുള്ള നഷ്ടം | ----------- |
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | ഇല്ല |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | 339592 |

(ബി). പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

ഇല്ല

ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 3-6 | 17792 | ജയപ്രഭ.വി<br>മെഡിക്കൽ ഓഫീസർ , ആയുർവേദം |
| 3-11 | 2,00,000 | ഹീര.മെഡിക്കൽ ഓഫീസർ, ഹോമിയോ |
| 3-13 | 60000 | ശ്രീമതി.സരിത.പുരുഷോത്തമൻ, മെഡിക്കൽ ഓഫീസർ. |
| 3-12 | 61800 | ശ്രീമതി.സരിത.പുരുഷോത്തമൻ, മെഡിക്കൽ ഓഫീസർ പി.എച്ച്.സി |
| ആകെ | 3,39,592 | |

(സി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റു സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം
ഖണ്ഡിക 3-15 6790/- രൂപ

(ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

(ഇ)റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിനുത്തരവാദികളായവരുടെ സ്ഥിരം മേൽവിലാസങ്ങൾ

ഇല്ല

*(ജനപ്രതിനിധികൾക്ക് ബാധ്യതയുണ്ടെങ്കിൽ മേൽവിലാസം നിർബന്ധമായും ഉൾപ്പെടുത്തണം)*

## 4-9 തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ

| ഓഡിറ്റ് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം | തീർപ്പാക്കാൻ അവശേഷിക്കുന്ന ഖണ്ഡികകളുടെ എണ്ണം |
|---|---|---|
| 1988-89, 1989-90 | എൽ.എഫ്.കെ.കെ.ഡി.എസ്2/900 /93/8.7.04 | 16 |
| 1996-97 | എൽ.എഫ്.കെ.കെ.ഡി.പി2/51 /10(2)/11.11.10 | 8 |
| 1997-98 | എൽ.എഫ്.കെ.കെ.ഡി.എസ്2/1312/ 2000/9.1.00 | 9 |
| 1998-99 | എൽ.എഫ്.കെ.കെ.ഡി.പി2/51 /10(4)/11.11.10 | 4 |
| 1999-00 (ഡി.സി.ബി) | എൽ.എഫ്.കെ.കെ.ഡി.പി2/1486/ 05/11.11.10 | 10 |
| 1999-00 (പ്ലാൻ) | എൽ.എഫ്.കെ.കെ.ഡി.എസ്1/895/ 03/2.1.04 | 4 |
| 2000-01 (ഡി.സി.ബി) | എൽ.എഫ്.കെ.കെ.ഡി.പി2/988/ 04/12.11.04 | 10 |
| 2000-01 (പ്ലാൻ) | എൽ.എഫ്.കെ.കെ.ഡി.പി2/51 /10(5)/11.11.10 | 13 |
| 2001-02 (ഡി.സി.ബി) | എൽ.എഫ്.കെ.കെ.ഡി.പി2/51 /10(6)/11.11.10 | 5 |
| 2001-02 (പ്ലാൻ) | എൽ.എഫ്.കെ.കെ.ഡി.എസ്1/1077/ 09/24.11.09 | 5 |
| 2002-03 | എൽ.എഫ്.കെ.കെ.ഡി.എസ്2/1000/ 05/1.7.06 | 19 |
| 2003-04 | എൽ.എഫ്.കെ.കെ.ഡി.എസ്3/1254/ 08/22.5.08 | 15 |
| 2004-05 | എൽ.എഫ്.കെ.കെ.ഡി.എസ്3/83/ 08/6.9.08 | 6 |
| 2005-06 | എൽ.എഫ്.കെ.കെ.ഡി.പി2/1452/ 09/6.11/09 | 34 |
| 2006-07 | എൽ.എഫ്.കെ.കെ.ഡി.പി2/1101/ 10/23.12.10 | 23 |
| 2007-08 | എൽ.എഫ്.കെ.കെ.ഡി.പി2/205/ 11/3.3.11 | 31 |
| 2008-09 | എൽ.എഫ്.കെ.കെ.ഡി.പി12/473/ 12/25.11.13 | 34 |
| 2009-10 | എൽ.എഫ്.കെ.കെ.ഡി.പി12/1513/ 12/13.3.13 | 17 |
| 2010-11 | എൽ.എഫ്.കെ.കെ.ഡി.പി12/1824/ 12/20.7.13 | 12 |

| | | |
|---|---|---|
| 2011-12, 2012-13 | എൽ.എഫ്.കെ.കെ.ഡി.പി12/697/ 14/3.3.15 | 22 |
| 2013-14 &14-15 | കെ.എസ്.എ.കെ.കെ.ഡി/പി12 /1397/16 1.8.16 | 30 |
| 2015-16 | കെ.എസ്.എ.കെ.കെ.ഡി പി12/103/17 തീ. 23-01-2017 | - |

ഡെപ്യൂട്ടി ഡയറക്ടർ

അനുബന്ധം I

ഓഡിറ്റ് സാക്ഷ്യപത്രം

കെ.എസ്.എ.കെ.കെ.ഡി.പി12/1388/2017

കേരള സംസ്ഥാന
ഓഡിറ്റ് വകുപ്പ്

ജില്ലാ ഓഡിറ്റ് കാര്യാലയം

കോഴിക്കോട് ജില്ല

E-mail: dokkd.ksad@kerala.gov.in

ഫോൺ: 0495-2371012

തീയതി.5-8-2017

1994 ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിന്റെ നാലാം വകുപ്പ്, 1994 ലെ കേരള പഞ്ചായത്ത് രാജ് നിയമത്തിന്റെ 215 ാം വകുപ്പ് ഇവ അനുസരിച്ചും പഞ്ചായത്ത് രാജ് സ്ഥാപനങ്ങളുടെ ഓഡിറ്റിനുവേണ്ടി കംപ്-ട്രോളർ ആൻറ് ഓഡിറ്റർ ജനറൽ നിർദ്ദേശിച്ച ഓഡിറ്റിംഗ് സ്റ്റാൻഡേർഡുകൾ അവലംബിച്ചും കോഴിക്കോട് ജില്ലയിലെ ചേളന്നൂർ ഗ്രാമപഞ്ചായത്തിന്റെ 2016 –17 വർഷത്തെ വാർഷിക ധനകാര്യ സ്റ്റേറ്റ്മെൻറ് പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

എന്റെ റിപ്പോർട്ടിൽ ചൂണ്ടിക്കാണിച്ചിരിക്കുന്ന പരാമർശങ്ങൾ ഒഴികെ എന്റെ അഭിപ്രായത്തിൽചേളന്നൂർ ഗ്രാമപഞ്ചായത്തിന്റെ 2016 –17 ലെ വാർഷിക ധനകാര്യ പത്രിക, വരവ്-ചെലവ് കണക്കുകളെ ശരിയായ രീതിയിൽ അവതരിപ്പിക്കുന്നു എന്ന് ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

KSA.KKD-P12/1388/2017

Kerala State Audit Department

District Audit Office, Kozhikode

Phone: 0495-2371012

E-mail:dokkd.ksad@kerala.gov.in

Date: 5-8-2017

Audit Certification

Certified that I have audited the Annual Financial Statement of Chelannur Grama Panchayat in Kozhikode District for the year ended on 31.03.2017 in accordance with section '4' of the Kerala Local Fund Audit Act 1994; Section 215 of the Kerala Panchayat Raj Act 1994; the rules made there under and the guidelines issued by the Comptroller and Auditor General of India for the purpose of audit of accounts of Panchayat Raj Institutions.

In my opinion, the Financial Statements of Chelannur Grama Panchayat for the year 2016-17 except the observations in My audit report properly presents the picture of income and expenditure.

DEPUTY DIRECTOR

Kerala State Audit Department,
District Audit Office, Kozhikode.